Vol. II.) April 1931. (No. 4.




"എന്നെ അനുഗമിക്കുന്നവൻ അന്ധകാരങ്ങളിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ

ക.	ഈശപ്രാർത്ഥന	ൻ ഒ.
ഖ.	നമ്മുടെ കർത്താവിന്റെ ഉയിർപ്പ്	ൻ വ.
ന.	പ്രായോഗികസ്നേഹം	ക ൦ ഖ.
ര.	ഒരു വെള്ളി അമ്മാവി	ക ൦ ൻ.
ങ.	മാപ്പിപ്പായുടെ സന്ദേശം	കക ൻ.
ന.	പൊതുനിയോഗം	കഖ ൦.
ഒ.	മസൂരി	കഖ ന.
വ.	വർത്തമാനക്കുറിപ്പുകൾ	കഖ ഒ.
ൻ.	പരസ്യങ്ങൾ	
ക൦.	പഞ്ചാംഗം	

"ഈശോയുടെ സ്നേഹം."

ഈശോയുടെ സ്നേഹം അഥവാ ദിവ്യകാരുണ്യസന്ദർശനം രണ്ടാം ഭാഗം കൈപ്പറ്റി നന്ദിപറഞ്ഞുകൊള്ളുന്നു. റൈറ്റു റവ. മൊൺസിഞ്ഞോർ കാനൻ ഗിൽബട്ട് ഇംഗ്ലീഷിൽ എഴുതീട്ടുള്ള ഗ്രന്ഥത്തിന്റെ ഒരു ഭാഷാന്തരമാണ് ഈ പുസ്തകം. ഈ രണ്ടാം ഭാഗത്തിൽ പത്തു ദിവസത്തേക്കുള്ള വിസീത്തകളാണ് അടങ്ങിയിരിക്കുന്നതു. ര അണ വിലയുള്ള ഈ പുസ്തകം മി. ഫിലിപ്പു പാൽമർ, "വിദ്യാർത്ഥിമിത്രം" പത്രാധിപർ, ചങ്ങനാശേരി എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണ്.



വി. യോഹന്നാൻ. ഉത്ഥിതനായ മ്ശിഹാ. വി ലൂക്കാ.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. ഏപ്രിൽ ൧൯൦൫. ലക്കം ൪.

ഇശ്വരപ്രാർത്ഥന.

(ശാർദ്ദൂലം)

തന്നിഷ്ടമാത്രത്താൽ നിന്നിഷ്ടക്കേടൊരു
കുന്നാക്കിത്തോളിലതേറിയേറി,
ഭാരം സഹിയ്ക്കാതെ, ഔചിത്യം വഹിയ്ക്കാതെ,
പാരം വിഷമിച്ചു കേണു കേണു്,
ദേഹം വിറയാന്നും ദാഹം പെരുത്തും കൊ-
ണ്ടാഹന്ത! ഞാനിതാ! ദേവ ദേവ!
കണ്ണുനീർ തുള്ളികൾ വാർത്തൊരു വെൺമുത്തു-
മാല ഞാൻ നന്നായി ക്കോർത്തു കോർത്തു്,
നിൻപാദ പങ്കജത്തിൽ കാഴ്ചയണയ്ക്കുവാ-
നമ്പരനൊൻ ചിത്തേ പേർത്തു പേർത്തു്,
മേലാൽ നിൻ നിർദ്ദേശം പോലെ നടക്കുവാൻ
നേരാം പ്രതിജ്ഞകൾ ചെയ്തു ചെയ്തു്,
നിത്യ ക്ഷമയ്ക്കുള്ള ഗേഹമെ! ഭാവൽക്ക

പ്രത്യക്ഷ സ്നേഹത്തെ കണ്ടു കണ്ടു്,
എൻഭാരം പോക്കുവാൻ, രോദനം ശ്രദ്ധിപ്പാൻ
വൈവശ്യം നീക്കി ത്തുണച്ചീടുവാൻ
രക്ഷക! ദൈവമെ! കത്താവെ! നാഥ! മൽ
സാക്ഷാത്താം സന്തോഷ സവ്വസ്വമെ!
നിൻ തിരു സന്നിധൌ വന്നീടുമെന്നെ നീ
സംവരിച്ചീടേണം രക്ഷിയ്യണം.

"വിനീത വിധേയൻ."

നമ്മുടെ കത്താവിന്റെ ഉയിപ്പു്.

നമ്മുടെ ജീവനായ മ്ശിഹാ.

കല്ലറയിൽനിന്നു് ഉയിത്തെഴുന്നേറ്റ നമ്മുടെ ദിവ്യരക്ഷകനെ നാം കാണുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽനിന്നു് ഉപകാരസ്മരണയുടെ സങ്കീത്തനങ്ങളാണു് ബഹിർഗ്ഗമിക്കുന്നതു്. അവിടുത്തെ തിരുശ്ശരീരം ദൈവിക പ്രഭയാൽ പ്രശോഭിക്കയും അവിടുത്തെ പ്രകാശമാനമായ നേത്രങ്ങളിൽനിന്നു അങ്ങെ പരിശുദ്ധമായ ആത്മാവിന്റെ മഹിമാകിരണങ്ങൾ വീശുകയും ചെയ്യുന്നു. വിജയത്തിന്റെ രാജാവു് അവിടുത്തെ ചുറ്റിലുമുള്ളവയെ സന്തോഷഭരിതമാക്കി തീർക്കുന്നു. അവിടുത്തെ പ്രത്യക്ഷമായി കാണുന്നതിനു ഭാഗധേയം സിദ്ധിച്ചവരെല്ലാം സ്വർഗ്ഗീയ സന്തോഷത്താൽ സമ്പൂർണ്ണരായി.

മരണം നിമിത്തം അടച്ചു വെച്ചിരുന്ന ജീവന്റെ പുസ്തകം അവിടുന്നുതന്നെ അവിടുത്തെ സവ്വല്ലഭത്താൽ മൂന്നാം ദിവസം വിടുത്തു. ഇങ്ങിനെ വിജയപൂവ്വം മരിച്ചവരുടെ ഇടയിൽനിന്നും ഉയത്തെഴുന്നേറ്റ മ്ശിഹാ നരകം, മരണം, കല്ലറ ഇവകളിന്മേൽ സത്യമായ വിജയം നേടി. "രണ്ടു ദിവസം കഴിയുമ്പോൾ

അവിടുന്നു നമ്മെ പുനർജ്ജീവിപ്പിക്കും: മൂന്നാം ദിവസം അവിടുന്നു നമ്മെ ഉയർപ്പിക്കും" (ഓസ്സെ. ൬, ൨.) എന്നുള്ള ദീർഘദർശിയുടെ വാഗ്ദാനം മ്ശിഹായിൽ പരിപൂർത്തിയായിരിക്കുന്നു. അവിടുത്തെ മൃത്യുവഴിയായി മരണത്തിന്റെ വിഷമുള്ള് പറിച്ചെടുത്തു. ഈശോമ്ശിഹായുടെ ഉയിർപ്പു നിമിത്തം നാം ജീവന്റെ പ്രത്യാശയിൽ പുനർജ്ജീവിച്ചിരിക്കുന്നു.

യൂദാഗോത്രത്തിലെ സിംഹം വിജയശ്രീലാളിതനായി! നിത്യജ്ഞാനത്തിന് ദുഷ്ടതയുടെമേൽ അധികാരം സിദ്ധിച്ചു! അമരത്വം മരണത്തെ പലായനം ചെയ്യിച്ചു! ദിവ്യരക്ഷകന്റെ ദീർഘദർശനപ്രകാരം മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം ദിവസം അവിടുന്ന് ഉയർത്തെഴുന്നേല്പും ഇങ്ങിനെ വരുവാനിരിക്കുന്ന നമ്മുടെ ഉയിർപ്പിന്റെ ഒരു ലക്ഷ്യം നമുക്കു ലഭിക്കയും ചെയ്തു. അവിടുന്നു നമ്മുടെ ആത്മാക്കൾക്ക് സത്യമായ - പരിശുദ്ധവും അതിസ്വാഭാവികവും നിത്യവുമായ - ജീവന്റെ വരപ്രസാദം നല്കുന്നതിനായി ഉത്ഥാനം ചെയ്തു. അവിടുന്ന് നമ്മുടെ ശരീരങ്ങൾക്കു ഉയിർപ്പിന്റെ വരം അവിടുത്തെ ഉത്ഥാനം വഴിയായി സമ്പാദിച്ചു. തന്നിമിത്തം നാമും മ്ശിഹായോടുകൂടെ എന്നേക്കും സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീർന്നു.

നമ്മുടെ പ്രതീക്ഷയായ മ്ശിഹാ.

നമ്മുടെ ദിവ്യരക്ഷകന്റെ തിരുശ്ശരീരം കഷ്ടാനുഭവങ്ങളാൽ ഒരു കുഷ്ഠരോഗിയുടേതുപോലെ വിവർണ്ണമായും ചീന്തിക്കീറിയും കാണപ്പെട്ടിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ അതു ചൈതന്യവും പ്രകാശവുമുള്ളതും പീഡാനുഭവങ്ങൾക്കൊ മരണത്തിനോ ആധീനമല്ലാത്തതുമായിത്തീർന്നിരിക്കുന്നു.

ഇതാ ഇപ്പോൾ ദുഃഖം സന്തോഷമായി പകർന്നിരിക്കുന്നു. മ്ശിഹാ സജീവനും ഒരിക്കലും മരണമില്ലാത്തവനുമായി ഉയർത്തെഴുന്നേറ്റു. ഇപ്പോൾ ശത്രുക്കളുടെ ആക്ഷേപങ്ങളും അപവാദങ്ങളുംകൊണ്ടു എന്തു ദോഷമാണ് അവിടേയ്ക്കു സംഭവിച്ചിരിക്കുന്നത്? ചമ്മട്ടികൾക്കും മുള്ളുകൾക്കും ആണികൾക്കും എന്തു

താക്കോടാണ് ഇപ്പോളുള്ളതു്. അഭേദ്യമായ വിധിനിർവ്വഹണത്തിനായി ഉപയോഗിച്ച ആ കരുക്കളാണ് ദൈവപുത്രൻ നമ്മുടെ വീണ്ടെടുപ്പിന്റെ വിലയായി നല്കിയതു്. ഔദാര്യപൂർവ്വം അവിടുന്ന് നമ്മെപ്രതി സ്വയം സഹിച്ച പീഡകൾക്ക് ഏറ്റവും മഹത്തായ ഉത്ഥാനത്താൽ അവിടുന്ന് കിരീടധാരണം ചെയ്യപ്പെട്ടിരിക്കുന്നു.

മ്ശിഹായുടെ തിരുശ്ശരീരത്തിന്റെ അനർഘമായ ഭാരത്താലും അവിടുത്തെ അമൂല്യങ്ങളായ രക്തകണങ്ങളാലും അവിടുത്തെ ദൈവികക്ഷമ, എളിമ, അനുസരണം, സ്നേഹം എന്നീ രത്നങ്ങളാലും അലംകൃതമായ കുരിശു, വധശിക്ഷയുടെ ഉപകരണത്തിൽനിന്ന് നമ്മുടെ രക്ഷയുടേയും അവിടുത്തെ കാരുണ്യാതിരേകത്തിന്റേയും നമ്മുടെ പ്രത്യാശയുടേയും മഹത്തായ ലക്ഷ്യമായി പകർന്നിരിക്കുന്നു. നമ്മുടെ അരുമ നായകന്റെ ചവിട്ടടികളിൽക്കൂടി പ്രയാണം ചെയ്യുന്ന നമുക്കു, നമ്മുടെ ദിവസേനയുള്ള കുരിശുകളെ, ദൈവം അയയ്ക്കുന്ന കുരിശുകളെ നമ്മുടെ ഭൌമികജീവിതത്തിന്റെ ദിവസംമുഴുവനും ക്ഷമാപൂർവ്വം വഹിക്കുന്നതിനും കുരിശു നിമിത്തമുണ്ടാകുന്ന നാനാവിധ കഷ്ടപ്പാടുകളെ മ്ശിഹാ സധൈര്യം സഹിച്ചതുപോലെ നമ്മുടെ കുരിശു വഴിയായി നമുക്കുവരുന്ന ക്ലേശങ്ങളെ നാമും ക്ഷമയോടെ സഹിക്കുന്നതിനും അതു ഏറ്റുമാത്രം പ്രേരകമായി ഭവിച്ചിരിക്കുന്നു.

"നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നു ഇറങ്ങിവരുക?" (മത്ത. ൨൭. ൪൦.) എന്ന ഹാസ്യമായ പോരുവിളി അവിടുന്നു ശ്രവിച്ചു. എന്നാൽ അവിടുന്നു ഇറങ്ങിവന്നോ? ഇല്ല, അവിടുന്നു അവസാനംവരെ പീഡ അനുഭവിക്കുകയും നമ്മുടെ രക്ഷണീയവേല അവിടുന്നു പൂർത്തിയാക്കുകയും ചെയ്തു. നമ്മുടെ കുരിശുകളെ വലിച്ചെറിയുന്നതിനു നമ്മുടെ മാംസരക്തങ്ങളും, ലോകവും അതിന്റെ സുഖഭോഗങ്ങളും നമ്മോടു് ഉപദേശിക്കും. നമ്മുടെ പിഴച്ച വിചാരങ്ങളും ദൈവനിശ്ചയങ്ങൾക്കു വിപരീതമായി പിറുപിറുക്കുന്നതിനു് നമ്മെ പ്രേരിപ്പിക്കും. എന്നാൽ നാം ഭഗ്നാശയരായിത്തീരരുതു്. നമ്മുടെ ദിവ്യരക്ഷക

ന്റെ ഉത്തമ ദൃഷ്ടാന്തമനുസരിച്ചു നമുക്കും കുരിശിനെ ആലിംഗനം ചെയ്യാം. ദൈവത്താലൊ മറ്റു വിധത്തിലൊ നമ്മുടെ കുരിശുകളെ എടുത്തു കളയുന്നതുവരെ അവിടുത്തെ കാൽച്ചുവടുകളെ – അതേ രക്തരൂക്ഷിതമായ ആ കാൽച്ചുവടുകളെ സ്ഥിരചിത്തരായി നമുക്കു അനുഗമിക്കാം. നമ്മുടെ കുരിശു ജീവാവസാനംവരെ വഹിക്കേണ്ടതായിരുന്നാലും, കുരിശു ചുമന്നുകൊണ്ടു പോകുന്ന നമ്മുടെ ദിവ്യരക്ഷകന്റെ നേരെയുള്ള ഒരു നോട്ടം അതു വഹിക്കുന്നതിനു വേണ്ട അനുഗ്രഹങ്ങളെ നമുക്കു പ്രദാനം ചെയ്യുന്നതാണ്. ഉത്ഥാനം ചെയ്ത മ്ശിഹായെക്കുറിച്ചുള്ള ഒരു വിചാരം അതു ക്ഷമാപൂർവ്വം സഹിക്കുവാൻ നമുക്കു ധൈര്യം തരും. കുരിശു വഴിയല്ലാതെ രക്ഷയില്ലതന്നെ.

നമ്മുടെ സന്തോഷമായ മ്ശിഹാ !

ദിവ്യരക്ഷകന്റെ കഷ്ടാനുഭവങ്ങളെ കണ്ടു് മനസ്സലിഞ്ഞുള്ള ദുഃഖത്താൽ അവിടുത്തെ പീഡകളിൽ നാമും ഓഹരിക്കാരായിരിക്കുന്നു. അതുപോലെതന്നെ അവിടുത്തെ വിജയകരമായ ഉയിർപ്പിലും നാം സന്തോഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഉപകാരസ്മരണ അവിടുത്തെ ഉയിർപ്പു വഴിയായി നാം കൈപ്പറ്റിയതോ കൈക്കൊള്ളാൻ പോകുന്നതോ ആയ നന്മകൾക്കു മാത്രം വേണ്ടിയാകരുതു്. എന്നാൽ അതു് മിശിഹാക്കു ലഭിച്ചിരിക്കുന്ന സന്തോഷം, മഹിമ, വിജയം മുതലായവയ്ക്കായിട്ടായിരിക്കട്ടെ. അവിടുത്തെ പരിതാപകരമായ പീഡകളും ലജ്ജാവഹമായ കുരിശു മരണവും നിമിത്തം ലഭിച്ചിരിക്കുന്ന വിജയത്തിനു അവിടുത്തെ മനുഷ്യസ്വഭാവത്തേയും ദൈവസ്വഭാവത്തേയും ശരീരത്തേയും ആത്മാവിനേയും നമുക്കു് ആരാധിക്കാം.

അവിടുത്തെ ജീവിതത്തിന്റെയും മരണത്തിന്റെയും എല്ലാ അനുഗ്രഹങ്ങളേയും നല്കുന്നതിനും അവിടുത്തെ എല്ലാ ജോലികളേയും വിജയകരമാക്കുന്നതിനും അവിടുത്തെ ദൈവിക ജോലികളുടെ പൂർണ്ണഫലം നാമും അനുഭവിക്കുന്നതിനുംവേണ്ടി മ്ശിഹാ മരണമില്ലാത്തവനും വിജയിയുമായി ഉയിർത്തെഴുന്നേറ്റു. മ

രണം അവിടത്തെ അവസാനമായിരുന്നെങ്കിൽ അവിടത്തെ പ്രാർത്ഥന, പ്രസംഗം, അത്ഭുതങ്ങൾ, അധ്വാനങ്ങൾ, കഷ്ടാനുഭവങ്ങൾ മുതലായവ നിഷ്പ്രയോജനങ്ങളാകുമായിരുന്നേനേ. എന്നാൽ അവിടുന്നു ഉത്ഥാനം ചെയ്തു് എല്ലാ വസ്തുക്കൾക്കും നവജീവൻ നല്കി. നിത്യായുസ്സിന്റെ അമൂല്യമായ ഒരച്ചാരവും നമുക്കു ലഭിച്ചിരിക്കുന്നു.

ഉത്ഥിതനായ രക്ഷിതാവു് വിശ്വാസത്തിന്റെ വെളിച്ചവും പ്രത്യാശയുടെ മാധുര്യവും സ്നേഹത്തിന്റെ ജ്വാലയുംകൊണ്ടു് നമ്മുടെ ഹൃദയങ്ങളിൽ അധിവസിക്കട്ടെ !

ഈശോ മിശിഹായോടുള്ള

പ്രായോഗികസ്നേഹം.

(തിയോഫിലോസ്)

II.

വി. കുർബ്ബാനയുടെ സ്ഥാപനം (തുടർച്ച)

9. 'ഞങ്ങളുടെ ആത്മാക്കളാൽ ആകൃഷ്ടനായ ദൈവമേ, ഈ ദേവദ്രവ്യാനുമാനം മൂലം അവിടത്തെ ഹൃദയത്തെ ഞങ്ങളുടേതിനോടു് അവിഭാജ്യമാംവണ്ണം യോജിപ്പിക്കുവാനത്രേ അവിടുന്നു ആഗ്രഹിച്ചതു്" എന്നു് വി. ലോറൻസു് ജസ്റ്റിനിയൻ പ്രസ്താവിക്കുന്നു. യേശുക്രിസ്തു തന്നെത്തന്നെ ഭോജനമായിട്ടു നമുക്കു നൽകി എന്ന ഈ ദാനം അവിടത്തെ സ്നേഹത്തിന്റെ അവസാനത്തെയായിരുന്നു; എന്തുകൊണ്ടെന്നാൽ ഭക്ഷണസാധനം, ഭക്ഷിക്കുന്നയാളിന്റെ ശരീരമായിട്ടു പകരുന്നതുപോലെ നമ്മോടു പൂർണ്ണമാംവണ്ണം യോജിക്കണമെന്നു് അവിടുന്നു് ആഗ്രഹിച്ചു എന്നു് സിയേന്നായിലെ വി. ബെർണ്ണർദീനോസും പറയുന്നു. ഓ!

നമ്മുടെ ആത്മാവുകളോടു യോജിക്കുന്നതിൽ ഈശോയ്ക്ക് എത്ര ആനന്ദമാണുള്ളതു്: അവിടുന്ന് ഒരിക്കൽ, തന്റെ പ്രിയ മണവാട്ടിയായ യിപ്രെസ്സിലെ മാർഗ്ഗരീത്തായോടു് ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഇപ്രകാരം അരുളിച്ചെയ്തുയുണ്ടായി. "ഇതാ, എന്റെ മകളെ, എനിക്കും നിനക്കും തമ്മിലുള്ള മനോജ്ഞമായ ഐക്യത്തെ ദർശിച്ചാലും: ആകയാൽ നീ വന്ന് എന്നെ സ്നേഹിക്കുക: നമുക്ക് ഈ ക്ഷണംമുതൽ സ്നേഹബന്ധത്താൽ ഏകീഭവിക്കുകയും പിന്നീടൊരിക്കലും വേർപിരിയാതിരിക്കയും ചെയ്യാം."

10. ആകയാൽ, ഈശോമിശിഹായെ തനിക്കനുയോജ്യമായ ഒരുക്കങ്ങളോടുകൂടി സ്വീകരിക്കുന്നതിനേക്കാൾ അങ്ങേയ്ക്കു പ്രീതികരമായ മറെറാരു പ്രവൃത്തിയുമില്ലെന്നുള്ളതു് അനുഭവസിദ്ധമത്രേ. യാതൊരാത്മാവിനും, ഇതിനേക്കാൾ പ്രസാദകരമായ ഒരു കൃത്യം ചെയ്യുന്നതിനോ ചെയ്വാൻ വിചാരിക്കുന്നതിനോ ചിലപ്പോൾ സാധ്യമല്ല. തനിക്കു യോഗ്യമായ എന്നല്ല, പ്രത്യുത, അനുയോജ്യമായ ഒരുക്കങ്ങളോടുകൂടി സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ യോഗ്യമായ ഒരുക്കം ആവശ്യമായിരുന്നെങ്കിൽ നമ്മിൽ ആർക്കാണ് അങ്ങനെ ജീവിതകാലത്തിൽ ഒരു പ്രാവശ്യമെങ്കിലും കൈക്കൊള്ളുവാൻ കഴിയുക? യോഗ്യമായ വിധത്തിൽ സ്വീകരിക്കണമെങ്കിൽ മറെറാരു ദൈവത്തെ വേണ്ടിയിരിക്കുന്നു. എന്നാൽ, അനുയോജ്യം എന്ന പദംകൊണ്ടു ഞാൻ ഇവിടെ വിവക്ഷിക്കുന്നതു് ആത്മീയനിർമ്മലഭാഗ്യമാംസം ധരിക്കുന്നതും ഒരു സൃഷ്ടിക്കു പാടാകുന്നതുമായ ഒരുക്കത്തെയാണ്. സാധാരണയായി പറയുന്നതായാൽ, ഓരോരുത്തരും ഈ ദൈവത്തെ വരപ്രസാദാവസ്ഥയിലും ഈശോമിശിഹായോടുള്ള സ്നേഹത്തിൽ മേല്ക്കുമേൽ വർദ്ധിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയും സ്വീകരിച്ചാൽ മതിയാകുന്നതാണ്. ഈശോമിശിഹാതന്നെത്തന്നെ നമുക്കു തരുന്നതു് സ്നേഹം ഹേതുവായിട്ടു മാത്രമാകയാൽ നാം ദിവ്യകാരുണ്യം വഴിയായി അങ്ങനെ സ്വീകരിക്കുന്നതും സ്നേഹം ഹേതുവായിട്ടു തന്നെയായിരിക്കണം. എന്ന് വി.

ഫ്റാൻസിസ് ദെസാലെസ് പറഞ്ഞിരിക്കുന്നു. ഓരോരുത്തനും എതു ക്രമത്തിലാണ് സ്വീകരിക്കേണ്ടതെന്നുള്ളതു് അവരവരുടെ ആത്മപരിപാലകന്റെ ഉപദേശാനുസരണമായിരിക്കണം. എങ്കിലും ക്രമത്തിലുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു് ഏതൊരു ജീവിതാവസ്ഥയും യാതൊരു വിധത്തിലും ബാധകമല്ലെന്നുള്ളതു് നാം ധരിച്ചിരിക്കേണ്ടതാണു് ? വൈവാഹിക ജീവിതക്കാർക്കും അനുദിന ക്രമത്തിലായി ഉപജീവനം കഴിക്കുന്നവർക്കും ഇതിനെ ക്രമത്തിലാക്കാവുന്നതാണ്. നമ്മുടെ സന്നദ്ധതയനുസരിച്ചു്, ആത്മപരിപാലകന്മാർ, പതിനൊന്നാം ഇന്നൊസെൻറു പാപ്പായുടെ ഉത്തരവിൻ-ലെ ദെക്രെത്തുപ്രകാരം അതു് അനുവദിക്കുകയും ചെയ്യും.

11. അടുത്തതായി നമ്മുടെ വിചിന്തനത്തിനു വിഷയീഭവിക്കേണ്ടതു് വി. കുമ്പാനാസ്വീകരണത്തേക്കാൾ ഫലപ്രദമായ മറെറാന്നുമില്ലെന്നുള്ളതാണു്. നിത്യപിതാവു് തന്റെ സ്വർഗ്ഗീയനിക്ഷേപങ്ങളെയെല്ലാം ഈശോമിശിഹായ്ക്കു നല്കിയിരിക്കുന്നു. "പിതാവു് സകലതും തന്റെ (ഈശോയുടെ) കരങ്ങളിൽ ഏല്പിച്ചിരിക്കുന്നു." (യോഹ, ക്രമ, ന). തന്നിമിത്തം പരിശുദ്ധകുമ്പാന വഴിയായി ഒരാത്മാവിൽ എഴുന്നള്ളി വരുമ്പോൾ അവിടുന്നു് തന്നോടുകൂടെ വരപ്രസാദത്തിന്റെ നിസ്സീമമായ നിക്ഷേപത്തെയും കൊണ്ടുവരുന്നു. അതുകയാൽ, ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം നമുക്കു് "അതോടുകൂടി ഒന്നുപോലെ എനിക്കു സകല നന്മകളും വന്നുചേർന്നു." (ബോധ. ൬, ക്രമ). എന്നു നീതിപൂർവ്വം പറയാവുന്നതാണു്. ആത്മവിശുദ്ധീകരണത്തിനു് ആവശ്യമായ ദൈവപ്രസാദവരം പ്രാപിപ്പാനുള്ള ആധ്യാത്മികമാർഗ്ഗങ്ങളിൽവച്ചു് ഏററവും ശക്തിമത്തായതു് വി. കുമ്പാനയെന്നു ക്രമാശയാകുന്നു എന്നു വി. ഡെനീസും; 'ഒരു പ്രാവശ്യത്തെ ദിവ്യകാരുണ്യസ്വീകരണം ഒരാത്മാവിൽ ഒരാഴ്ചത്തേയ്ക്കു് അപ്പവും വെള്ളവും മാത്രം സ്വല്പമായി കഴിച്ചുകൊണ്ടുപവസിക്കുന്നതിനേക്കാൾ ക്രമത്തിൽ ഫലം ചെയ്യുന്നു' എന്നു് വി. വിൻസെൻറു ഫെറേരും പ്രസ്താവിക്കുന്നു.

12. ആത്മായിത്തന്നെ, തെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ, പരിശുദ്ധ കുർബാന, നമ്മെ പാപദോഷത്തിൽനിന്ന് ഒഴിവാക്കുകയും ചാവുദോഷത്തിൽ വീഴാതെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സിദ്ധൗഷധമാകുന്നു. പണ്ഡിതവര്യനായ വി. തോമസിന്റെ അഭിപ്രായപ്രകാരം, ഈ ക്രമാശസ്ചീകരണം ദൈനം ദിനമുള്ള അറകുറകളിൽനിന്നു നമ്മെ ഒഴിവാക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ ദേവദ്രവ്യാനുമാനം വഴിയായി, മനുഷ്യൻ പാപദോഷത്തിൽനിന്നു വിമോചിക്കപ്പെടത്തക്ക സ്നേഹപ്രകരണങ്ങൾ ചെയ്യാൻ പ്രേരിതനായി ഭവിക്കുന്നു. വീണ്ടും, ഇത് 'നമ്മെ ചാവുദോഷത്തിൽ വീഴിക്കാതെ സംരക്ഷിക്കുന്നു' എന്നു പറയപ്പെട്ടിരിക്കുന്നത് ദിവ്യകാരുണ്യം, വലിയ പാപങ്ങളിൽനിന്നു നമ്മെ കാത്തുരക്ഷിക്കുന്ന വരപ്രസാദത്തെ വർദ്ധിപ്പിക്കുന്നതുകൊണ്ടാണ്. അതുകയാൽ ഇന്നൊസെൻറു തൃതീയൻ ഇപ്രകാരം സയുക്തികം പ്രസ്താവിക്കുന്നു: ഈശോമിശിഹാ തന്റെ പീഡാനുഭവം വഴിയായി പാപത്തിന്റെ ശക്തിയിൽനിന്നു നമ്മെ പരിരക്ഷിച്ചു. എന്നാൽ പാപം ചെയ്യുന്നതിൽനിന്നു നമ്മെ പരിരക്ഷിക്കുന്നത് പരിശുദ്ധ കുർബാന വഴിയായിട്ടു മാത്രമാകുന്നു.

13. തന്നെയുമല്ല, ഈ ക്രമാശ, മറെറല്ലാ ക്രമാശകളെക്കാളും ഉപരിയായി നമ്മുടെ ആത്മാക്കളെ ദിവ്യസ്നേഹത്താൽ ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. "ദൈവം സ്നേഹമാകുന്നു" (യോഹ. ൪, ൮). അവിടുന്ന്, നമ്മുടെ ഹൃദയത്തിലുള്ള സകല ഭൗമികപക്ഷങ്ങളേയും ദഹിപ്പിക്കുന്ന ഒരു അഗ്നിയുമാകുന്നു. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു" (എബ്രാ. ൧൨, ൨൯). ഈ അഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നതിനായി ദൈവപുത്രൻ ഭൂമിയിൽ വന്നു. "ഭൂമിയിൽ തീ കൊളുത്തുന്നതിനായി ഞാൻ വന്നിരിക്കുന്നു" നമ്മുടെ ഹൃദയത്തിൽ ഈ അഗ്നി എരിഞ്ഞുകാണ്മാനാണ് അങ്ങേയ്ക്കിഷ്ടം എന്നും അവിടുന്ന് തുടർന്നു പ്രഖ്യാപനം ചെയ്യുന്നു: "അതു കത്തിയെരിയണമെന്നല്ലാതെ മറെറന്താണ് ഞാൻ ഇച്ഛിക്കുന്നത്" (ലൂക്ക് ൧൨, ൪൯). ഈശോമിശിഹായെ

ഈ ക്രമാശ വഴിയായി ഭക്തിപൂർവം കൈക്കൊള്ളുന്ന ഓരോരുത്തന്റെയും ഹൃദയത്തിൽ എത്രമാത്രം സ്നേഹമാണ് അങ്കുരിച്ച് ഉജ്ജ്വലിപ്പിക്കുന്നത്! സിയേനായിലെ വി. കത്രീനാ ഒരിക്കൽ ഒരു വൈദികന്റെ കൈയിലിരുന്ന തിരുവോസ്തി ഒരു അഗ്നിഗോളംപോലെ എരിയുന്നതു കാണുകയും എല്ലാ മനുഷ്യരുടേയും ഹൃദയം ആ അഗ്നിയിൽപെട്ട് ചാമ്പലായിത്തീരുമാറു് എരിയാത്തതിൽ അത്യാശ്ചര്യം പ്രദർശിപ്പിക്കുകയും ചെയ്തുയുണ്ടായി ദിവ്യകാരുണ്യസ്ഥാപകനാനന്തരം ലീമായിലെ വി. റോസിന്റെ മുഖത്തുനിന്നു വീശിക്കൊണ്ടിരുന്ന ദീപ്തിമത്തുക്കളായ കിരണങ്ങൾ, പുണ്യവതിയെ കാണ്മാനിടയായവരുടെ കണ്ണു ക്രൂച്ചിക്കത്തക്കതിന്മണ്ണം അത്യുജ്ജ്വലശക്തിയേറിയതും, വായിൽനിന്നു പുറപ്പെട്ടിരുന്ന ചൂടു് അതോടടുത്തുപിടിച്ചുകൊണ്ടിരിക്കുന്ന ഒരു കരത്തെ വരട്ടത്തക്കതിന്മണ്ണം അത്രമാത്രം ഉഗ്രവുമായിരുന്നുവത്രേ. പരിശുദ്ധ കന്യാനാ എഴുന്നള്ളിച്ചുവച്ചിട്ടുള്ള പള്ളികളെ സന്ദർശിക്കുകമൂലം വി. വിൻസെന്റുവൂസ് സ്നേഹാഗ്നിയാൽ അത്യധികമായി എരിഞ്ഞിരുന്നുവെന്നും, മഞ്ഞുവീണു പുതഞ്ഞുകിടന്നിരുന്ന സ്ഥലങ്ങളിൽക്കൂടി നടന്നുപോകേണ്ടിയിരുന്ന അവസരങ്ങളിൽ തന്നെ അനുഗമിച്ചിരുന്ന ഭൃത്യൻ അദ്ദേഹത്തിന്റെ പാദരേഖകളിൽക്കൂടി നടന്നതിനാൽ ശൈത്യം അറിഞ്ഞിരുന്നില്ലെന്നും പറയപ്പെട്ടുന്നു. പരിശുദ്ധതമമായ ഈ ക്രമാശ ജ്വലിക്കുന്ന ഒരു അഗ്നിയാകയാൽ, നാം അന്തരാവിട്ടു പോകുമ്പോഴും സ്നേഹജ്വാലകളെ ഉദ്ദീപിപ്പിക്കുകയും, അതു നമ്മെ നരകത്തിനു ഭീകരവസ്തുക്കളാക്കിപ്പകർത്തുകയും ചെയ്യുന്നു. എന്നു വി. ജോൺ ക്രിസോസ്തോമും പറയുന്നു.

14. വീണ്ടും, പാട്ടുകളുടെ പാട്ടിലെ മണവാട്ടി പറഞ്ഞിരിക്കുന്നതു കേട്ടാലും: "അയാൾ എന്നെ വീഞ്ഞറയിൽ പ്രവേശിപ്പിച്ചു; അയാൾ എന്നിൽ ഉപവി ക്രമപ്പെടുത്തി (പാട്ട്. ൨, ൪). ദിവ്യകാരുണ്യം ഈ വീഞ്ഞറ തന്നെയാകുന്നു. അതിൽവച്ചു് ആത്മാവു് ദിവ്യസ്നേഹത്താൽ ലഹരി പിടിക്കുകയും, സൃഷ്ടികളെ മറന്നുകളകയും അവയിൽ അതിന്റെ ദൃഷ്ടി പതിയാതാ

കയും ചെയ്യുന്നു' എന്നു നീസ്സായിലെ ഗ്രിഗോരിയോസ് എന്ന സിദ്ധൻ പ്രസ്താവിക്കുന്നു. അതുകൊണ്ടത്രെ മണവാട്ടി വീണ്ടും "എന്നെ പുഷ്പങ്ങൾകൊണ്ടു താങ്ങുവിൻ. ആപ്പിൾ പഴങ്ങൾകൊണ്ടു എന്നെ ആശ്വസിപ്പിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഞാൻ സ്നേഹംകൊണ്ടു തളരുന്നു" (പാട്ട്. ൨, ൫) എന്നു വിളിച്ചു പറയുന്നതു്. ഇത്തരുണത്തിൽ 'ഞാൻ ദൈവസ്നേഹത്തിൽ വളരെ തണുപ്പുള്ളവനായി കാണപ്പെടുന്നതുകൊണ്ടാണു് ക്രൂശിക്കുടെ പരിശുദ്ധ കുർബാന കൈക്കൊള്ളാതിരിക്കുന്നതു്' എന്നു വല്ലവരും പറഞ്ഞേക്കാം. അതിന്നു് ജെർസൺ മറുപടി പറയുന്നതിപ്രകാരമാണു്: നീ ഇതു തണുത്തവനാണെന്നറിഞ്ഞിട്ടു തീയുടെ അടുക്കൽനിന്നു് അകന്നിരിക്കയാണോ? തരക്കേടില്ല! മറിച്ചു് നീ തണുത്തവനാണെന്നു തോന്നുകയും, ഈശോമിശിഹായെ സ്നേഹിക്കണമെന്നുള്ള ആഗ്രഹം ഉണ്ടായിരിക്കയും ചെയ്യുന്നുവെങ്കിൽ നീ അത്യുന്നത ക്രൂശിക്കുടെ ഈ ക്രൂരാശയ്യണയേണ്ടതാകുന്നു. 'മന്ദോഷ്ണത്തോടുക്രൂടിയാണെങ്കിൽ തന്നെയും, ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു് ദിവ്യകാരുണ്യം സ്വീകരിക്കുക എന്നാണു് ശാസ്ത്രകോവിദനായ വി. ബൊനവൻത്തുര എഴുതിയിരിക്കുന്നതു്. ഒരുവൻ എത്ര കണ്ടു രോഗിയായിരിക്കുന്നുവോ അത്രത്തോളം വൈദ്യനേക്കൊണ്ടു് അവനു ആവശ്യമുണ്ടു്.

'രണ്ടുക്രൂട്ടക്കാർ അതായതു് പുണ്യപരിപൂർണ്ണരും അപരിപൂർണ്ണരും ക്രൂടക്കുടെ വ. കുർബാന ഉപേക്ഷിക്കൊള്ളേണ്ടതത്യാവശ്യമാണു്. പുണ്യപരിപൂർണ്ണർ സ്വീകരിക്കേണ്ടതു് അവർ ആ സ്ഥിതിയിൽ തന്നെ നിലനിൽക്കുവാൻ വേണ്ടിയും, അപരിപൂർണ്ണർ സ്വീകരിക്കേണ്ടതു് പരിപൂർണ്ണരായിത്തീരേണ്ടതിനുമാണു്' എന്നു വി. ഫ്രാൻസിസ് ദെസാലെസ് എഴുതിയിരിക്കുന്നു. എങ്ങനെയായാലും പുണ്യവാനാകുവാനും ഈശോമിശിഹായോടുള്ള സ്നേഹത്തിൽ അടിക്കടിവർദ്ധിക്കുവാനും ക്രൂടക്കുടെയുള്ള ദിവ്യകാരുണ്യസ്വീകരണം ആവശ്യമാണെന്നു പറയാതെ ഗത്യന്തരമില്ല. ഒരിക്കൽ നമ്മുടെ ദിവ്യ രക്ഷകൻ മറ്റൊരിടത്തു പുണ്യവതിയോടു് ഇപ്രകാരം അരുളിച്ചെയ്തതുണ്ടായി. "നീ പരിശുദ്ധ കുർബാന

ഉപേക്ഷിക്കുവാൻ പോകുമ്പോൾ, ഒരാത്മാവിന് എന്നോട് എ
ത്രമാത്രം സ്നേഹമുണ്ടാകാമോ, അത്രയും സ്നേഹം നിനക്കും ഉണ്ടാ
കണമെന്ന് നീയും ആഗ്രഹിക്കുക. അപ്പോൾ നിന്റെ ആഗ്ര
ഹമനുസരിച്ച് ഞാൻ നിന്റെ സ്നേഹത്തെ സ്വീകരിക്കാം."

സ്നേഹപ്രകരണങ്ങളും അഭ്യർത്ഥനകളും.

ഓ സ്നേഹം തന്നെയായ ദൈവമേ, ഓ അനന്തസ്നേഹത്തി
നു യോഗ്യനായ അനന്തപ്രിയനേ, ഞങ്ങൾ നിന്നെ സ്നേഹിക്കേ
ണ്ടതിന് ഇതിൽ കൂടുതലായി നീ വല്ലതും ചെയ്യാനുണ്ടോ എ
ന്നു എന്നോട് നീ അരുളിച്ചെയ്താലും. മനുഷ്യനായി അവതരിച്ച
തുകൊണ്ടോ, ഞങ്ങളുടെ സകല അരിഷ്ടതകൾക്കും സ്വയം അ
ധീനനായ്ക്കൊണ്ടോ, നീ തൃപ്തിയടഞ്ഞില്ല; ഞങ്ങൾക്കു വേ
ണ്ടി നിന്റെ രക്തമെല്ലാം അവസാനത്തുള്ളിവരെ ചിന്തിയതു
കൊണ്ടും, നീചദുഷ്ടന്മാർക്കു വിധിക്കപ്പെട്ടിരുന്ന അപമാനകരമാ
യ കുരിശുമരണം അനുഭവിച്ചതുകൊണ്ടും നീ സംതൃപ്തനായില്ല.
പിന്നെയോ, അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപയിൽ മ
റഞ്ഞിരുന്നുകൊണ്ട് ഞങ്ങളുടെ ഭക്ഷ്യപേയങ്ങളായിത്തീരുവാ
നും, അങ്ങനെ ഞങ്ങളോട് ഓരോരുത്തരോടും സംയോജിക്കുവാ
നുമത്രെ നീ തിരുമനസ്സായത്. ഞാൻ വീണ്ടും ചോദിക്കുന്നു; ഞ
ങ്ങളെക്കൊണ്ട് നിന്നെ സ്നേഹിപ്പിക്കുന്നതിന് ഇതിനേക്കാൾ ക്രൂ
രമായി നീ വല്ലതും ചെയ്യാനുണ്ടോ? എന്നോട് നീ അരുളിച്ചെ
യ്താലും. ഹാ! ഈ ജീവിതത്തിൽ ഞങ്ങൾ നിന്നെ സ്നേഹിക്കുന്നി
ല്ലെങ്കിൽ ഞങ്ങൾ നിശ്ചയമായും നികൃഷ്ടരും നിർഭാഗ്യരുമായിരി
ക്കും. നിത്യത്വത്തിലേക്കു പ്രവേശിക്കുമ്പോൾ, നിന്നെ സ്നേഹി
ക്കാതിരുന്നാൽ എത്രമാത്രം മനോവേദനയാണ് ഞങ്ങൾക്കുണ്ടാ
കുവാൻ പോകുന്നത്! എന്റെ ഈശോയേ, നിന്നെ സ്നേഹിക്കാ
തെ, അതെ, നിന്നെ അത്യധികമായി സ്നേഹിക്കാതെ ഞാൻ മ
രിക്കയില്ല. നിന്നെ കഠിനമായി ഉപദ്രവിച്ചു പോയതിനാൽ
ഞാൻ ഹൃദയപൂർവ്വം വേദനപ്പെടുകയും ദുഃഖിക്കുകയും ചെയ്യുന്നു.
എന്നാൽ ഇപ്പോൾ ഞാൻ നിന്നെ എല്ലാവസ്തുക്കളേക്കാൾ ക്രൂ

തലായി സ്നേഹിക്കുന്നു. ഞാൻ എന്നേക്കാളും കൂടുതലായി നിന്നെ സ്നേഹിക്കുകയും എന്റെ സകല ആകാംക്ഷകളേയും പക്ഷങ്ങളേയും നിനക്കു പ്രതിഷ്ഠിക്കയും നിന്നിൽ നിക്ഷേപിക്കയും ചെയ്യുന്നു. ഈ ആഗ്രഹം എന്നിൽ അങ്കുരിപ്പിക്കുന്നതു നീ തന്നെ അതു പൂർത്തിയാക്കുന്നതിനുള്ള അനുഗ്രഹവും തന്നരുളേണമേ. എന്റെ ഈശോയെ, എന്റെ ഈശോയെ, നിന്നിൽ നിന്നു നിന്നെയല്ലാതെ മറ്റു യാതൊന്നും ഞാൻ ഉച്ചരിക്കുന്നില്ല. ഇപ്പോൾ നീ എന്നെ നിന്റെ സ്നേഹത്തിലേയ്ക്കു് ആകർഷിച്ചിരിക്കകൊണ്ടു് ഞാൻ വ്യർത്ഥമായിട്ടുള്ളതെല്ലാം വിട്ടുകയും പരിത്യജിക്കയും എന്നെത്തന്നെ നിന്നോടൊന്നിച്ചു ബന്ധിക്കയും ചെയ്യുന്നു. ഇനിമേലാൽ എനിക്കു നീ മാത്രം മതിയായിരിക്കുന്നു. ഓ മറിയമേ, ദൈവത്തിന്റെ സ്നേഹമാതാവേ, അങ്ങു് എനിക്കു വേണ്ടി ഈശോടപേക്ഷിക്കുകയും, എന്നെ ഒരു പുണ്യവാൻ (പുണ്യവതി) ആക്കുകയും ചെയ്യേണമേ. പാപികളെ പുണ്യവാന്മാരാക്കിപ്പകർത്തിയിട്ടുള്ള നിന്റെ അത്ഭുതകരമായ പ്രവൃത്തികളോടു് ഇതുംകൂടി ചേർത്തുകൊള്ളേണമേ.

ഒരു വെള്ളി അലമാരി.

I. H. L.

I.

ഏപ്രിൽ മാസത്തിൽ അത്യുഷ്ണമുള്ള ഒരു ദിവസം. അതിരാവിലെ പെയ്ത മഴവെള്ളമെല്ലാം സൂര്യാതപമേറ്റു വറ്റിവരണ്ടിരിക്കുന്നു. കൊൺസ്റ്റാൻസ ഡെന്നിംഗ അവളുടെ തോട്ടത്തെ പൂവ്വാധികം പരിഷ്കരിക്കുന്നതിനു ഈ നല്ലയവസരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കവെ ഒരു കാലോശം കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ തന്റെ വിവാഹാർത്ഥിയായ ലെയൊനാർഡ് അമസ്റ്റ്

രോംഗിനെയാണ് കണ്ടത്. അയാൾ വലിയ സുന്ദരനല്ലെങ്കിലും നല്ല ആരോഗ്യമുള്ള ദീർഘകായനായ ഒരു യുവാവാണ്. അദ്ദേഹം വലിയ സന്തോഷത്തോടുകൂടെ അടുത്തുവന്ന് ഇപ്രകാരം പറഞ്ഞു.

"കന്നീ, ഒരു നല്ല വർത്തമാനമറിഞ്ഞോ! നമുക്ക് ഉടനെ വിവാഹം നടത്തണം. മൺവെട്ടി അവിടെ ഇട്ടുംവെച്ചു ഇങ്ങോട്ടു വാ. എനിക്ക് ആ സംഗതിയെ കുറിച്ചു കുറെ പറയാനുണ്ട്."

കൊൺസ്റ്റാൻസ മൺവെട്ടി അവിടെ ഇട്ടുംവെച്ചു രണ്ടു പേരും കൂടി ഒരിടത്തു ചെന്നിരുന്നു.

"ലെയോനാർദ്ദേ, മുമ്പൊങ്ങും കണ്ടിട്ടില്ലാത്തതുപോലെ ഒരു ഉത്സാഹവും പ്രസന്നതയുമൊക്കെ കണ്ടുണ്ടല്ലോ? വേണ്ട ഒരുക്കങ്ങളൊന്നും കൂടാതെ ഉടൻ വിവാഹം ചെയ്യണമെന്നു വല്ല വരും പറയുമോ?" എന്ന് അവൾ ചോദിച്ചു.

"കന്നീ, എനിക്കു അതിവിശേഷമായ ഒരു ഭാഗ്യം എന്റെ അമ്മാവൻ സൈമന്റെ ഔസ്യത്തുപ്രകാരം ലഭിച്ചിട്ടുണ്ട്. അതിനു എണ്ണത്തൊമ്പതു് കൊല്ലത്തേക്ക് യാതൊരു പാട്ടവും കൊടുക്കേണ്ട ആവശ്യമില്ല. തോട്ടങ്ങളും വഴികളുമൊക്കെ എത്ര വിശേഷം?"

"ലെയോനാർദ്ദേ, അതൊക്കെ നല്ലതുതന്നെ; കൂടുതൽ വല്ലതും അതേപ്പറ്റി പറയാനുണ്ടോ?"

"കൊള്ളാം, 'ഗ്ലെനാവിൻ' ഒരു വലിയ പഴയമാതിരിയിലുള്ള എടുപ്പാണ്. ഡാല്ക്കിയിൽ കടലിന്നു അഭിമുഖീകരിച്ചു അതു നില്ക്കുന്നതു് കാണാൻ എത്ര ഭംഗിയുണ്ട്. ഓ! നീ അതു കാണുകയാണെങ്കിൽ ആശ്ചര്യപ്പെട്ടുപോകുമെന്നു് എനിക്കു നിശ്ചയമുണ്ട്. എന്നാൽ ഒരു പ്രധാന കാര്യം പറയാൻ ഞാൻ വിട്ടുപോയി. ഞാൻ മൂന്നുമാസത്തിനകം കല്യാണം കഴിച്ചു 'ഗ്ലെനാവിനിൽ' താമസിക്കാത്തപക്ഷം അതു ലേലം ചെയ്യുകയും അതിൽ നിന്നുണ്ടാകുന്ന പണം ധർമ്മസ്ഥാപനങ്ങൾക്കു കൊടുക്കയും ചെയ്യണമെന്നു ഔസ്യത്തിൽ നിശ്ചയിച്ചിട്ടുണ്ട്."

"ഇതെന്തൊരു നേരമ്പോക്കാണ്." കൊൺസ്റ്റാൻസ് ചി

രിക്കുന്നു. "എനിക്കിപ്പോൾ ധൃതിക്കുട്ടുന്നതിന്റെ കാരണം മനസ്സിലായി. അങ്ങനെ പറ."

"എനിക്കു സാധുക്കളെ വളരെ പ്രതിപത്തിയാണു്. എന്നാൽ ഇതുനല്ല എടുപ്പു് എങ്ങിനെയാണു് വിട്ടുകളയുവാൻ തോന്നുന്നതു്? എന്റെ പ്രിയകന്നീ, നീ എന്നെ സഹായിക്കയില്ലെ?" അവൾ സമ്മതഭാവത്തിൽ തലതാഴ്ത്തി കുറെനേരം ഇരുന്നു.

"ഒരു കല്യാണച്ചമയം തയ്യാറായി കിട്ടണമെങ്കിൽ മുതുങ്ങിയതു ആറുമാസമെങ്കിലും വേണമല്ലൊ." എന്നവൾ ലജ്ജാസമനപിതം പതുക്കെപറഞ്ഞു.

"ഭവതി ഇതു അത്ര കാര്യമായി കരുതിയിട്ടില്ലെന്നു തോന്നുന്നു. ഇന്നലെ നിങ്ങൾ ഒരു വിശേഷതരം മേൽക്കുപ്പായം ധരിച്ചിരിക്കുന്നതു ഞാൻ കണ്ടതാണല്ലൊ."

"നല്ലകാര്യം, ഒരു മേലങ്കിയുണ്ടായാൽ അതു് വിവാഹച്ചമയമായോ? എന്നാൽ നമുക്കു മാതാപിതാക്കന്മാരോടു പറയണ്ടെ ? ഭവാൻ അവരെ കണ്ടൊ.?"

"ഇല്ല, ഇക്കാര്യം ഭവതിയോടു ആദ്യം പറയാനാണു് ഞാൻ നിശ്ചയിച്ചതു്."

II.

ലെയൊനാർദ്ദും കൊൺസ്റ്റാൻസും തമ്മിലുള്ള വിവാഹം ജൂൺമാസത്തിൽ കഴിക്കുന്നതിനും തദനന്തരം "ഗ്ലെനാവിൻ" ബാഗ്ലാവിൽപോയി താമസിക്കുന്നതിനുമാണു് അവർ തീരുമാനിച്ചതു്. ഇതിനിടയിൽ കൊൺസ്റ്റാൻസു് തന്റെ സർവ്വപ്രധാനമായ കല്യാണവസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനും ലെയൊനാർദ്ദു് വളരെ സൂക്ഷംക്കുടാതെ കിടന്നിരുന്നതും മനോഹരമായതും തന്റെ ഭാഗ്യപരിപാകത്താൽ ലഭിച്ചതുമായ എടുപ്പിന്റെ അറകുറപ്പണികൾ തീർക്കുന്നതിനും നിശ്ചയിച്ചു.

മേയ്മാസം ആരംഭിച്ചു. വസന്തകാലത്തിലെ സൌന്ദര്യവും ചൈതന്യവുമെല്ലാം വൃക്ഷലതാദികളിൽ കണ്ടുതുടങ്ങി. വള്ളികളും മരംച്ചെടികളും പടർപ്പുകളും നാനാവണ്ണങ്ങളുള്ള പുഷ്പങ്ങ

ളാൽ നിബദ്ധീകൃതമായിരിക്കുന്നു. ലെയോനാർഡ് തന്റെ മണവാട്ടിയെ പുതിയ ഭവനത്തിൽ സ്വീകരിക്കുന്നതിനു ഇതു തന്നെയാണു ഒരു സുദിനമെന്നു വിചാരിച്ചു.

അയാൾ നിശ്ചിത ദിവസം ആലിസ്സ്ബെറി റോഡിലുള്ള മിസ്സസ് ഡെന്നിംഗിന്റെ ഭവനത്തിൽ എത്തിയപ്പോൾ തന്റെ വിവാഹാർത്ഥനി അവിടെ തന്നെ കാത്തുനില്ക്കുന്നതുകണ്ടു.

"ജാക്കിനും ആലിസ്സിനും വന്നാൽകൊള്ളാമെന്നു മോഹമുണ്ട്. കാറിൽ സ്ഥലമുണ്ടാകുമോ എന്തോ ? എന്നു കൊൺസ്റ്റാൻസു ചോദിച്ചു.

"ആലിസ്സ കുഞ്ഞല്ലെ, അവളെ ഞാൻ എന്റെ പോക്കറ്റിൽ ഇട്ടുകൊള്ളാം. ജാക്കിനെ നമുക്ക് പിറകിൽ നിറുത്താം. ഒരു 'രണ്ടു സീറ്റർ' കാർ അല്പം പോരായ്മയാണെന്നുണ്ടോ" എന്നു പറഞ്ഞുകൊണ്ടു കൊൺസ്റ്റാൻസിനേയും അവളുടെ സഹോദരീ സഹോദരന്മാരേയും ലെയോനാർഡ് കാറിൽ കയറ്റി.

ഡബ്ളിനിൽനിന്നും ഡല്ക്കിയിലേക്കുള്ള സവാരി വൃദ്ധ്യവും സുഖപ്രദവുമായിരുന്നു. അവരുടെ യാത്ര അധികഭാഗവും കടലോരത്തിൽ കൂടെയായിരുന്നു. 'ഗ്ലെനാവിൻ' കെട്ടിടം കണ്ടപ്പോൾ കൊൺസ്റ്റാസിന്റെ സന്തോഷം പതിന്മടങ്ങു വർദ്ധിച്ചു. കരിങ്കല്ലുകൊണ്ടു പണിതിരുന്ന ആ മനോഹരമായ വലിയ എട്ടുപ്പിന്റെ ചുറ്റിലും വൃക്ഷങ്ങളാൽ നിബിഡീകൃതമായ പറമ്പുകളുണ്ടായിരുന്നു. ഒരു വലിയ മട്ടുപ്പാവോടുകൂടിയ ആ കെട്ടിടത്തിന്റെ മുൻവശം തെക്കുപടിഞ്ഞാറുള്ള ഡബ്ളിൻ പർവ്വതങ്ങളെ അഭിമുഖീകരിച്ചാണു നില്ക്കുന്നത്. കെട്ടിടത്തിന്റെ പിൻവശത്തുനിന്നു നോക്കിയാൽ അതിവിസ്തൃതമായ കടലാണു പ്രത്യക്ഷമാകുന്നതു്. അല്പം നടന്നാൽ കടൽത്തീരത്തു ചെന്നെത്തുകയും ചെയ്യും.

കെട്ടിടം അതിവിശേഷമായതാണെങ്കിലും തന്റെ സ്ഥിതിയിൽ കവിഞ്ഞതാണെന്നു ലെയോനാർദിനു ബോദ്ധ്യമുണ്ടായിരുന്നു. അതിന്റെ സംരക്ഷണത്തിനു ഒരു വലിയ സംഖ്യതന്നെ ആവശ്യപ്പെട്ടും. എന്നിരുന്നാലും തത്സമയം ലോകം മുഴുവനും ജ

യിക്കത്തക്ക സാമർത്ഥ്യമുള്ള ഒരു യോദ്ധാവാണു താനെന്നു അയാൾക്കു തോന്നി. യുവാക്കന്മാരുടെ ശക്തിയും പ്രസരിപ്പും നോക്കുക!

"അളിയാ! അളിയാ! ഓടിവാ, പെങ്ങൾ അവശയ്പ്പെട്ടന്നു."

"എന്റെ കുഞ്ഞേ, നീ എന്തിനാണു ബഹളം കൂട്ടുന്നതു്?" എന്നു ലെയൊനാർഡ് ഗോവണി ഇറങ്ങിക്കൊണ്ടു ചോദിച്ചു.

"വിശേഷമൊന്നുമില്ല, പെങ്ങൾ ഒരു കൊച്ചുപെൺകുട്ടിയെപ്പോലെയിരുന്നു കരയുന്നു. അവളുടെ മോതിരം പോയി അത്രേ."

"മോതിരം പോയോ? അവൾ എവിടെയാണു്?"

"വായനശാലയിലാണു്." എന്നു് പറഞ്ഞുകൊണ്ടു ജാക്ക് ഓടിപ്പോയി.

ലെയൊനാർഡ് മുറിയിൽ പ്രവേശിച്ചപ്പോൾ കൊൺസ്റ്റാൻസ് പരിഭ്രമിച്ചിരിക്കുന്നതിനെ കണ്ടു.

"പ്രാണനാഥാ ഞാൻ എന്താണു ചെയ്യേണ്ടതു്? എന്റെ മോതിരം ഉരുണ്ടു് ആ പൊത്തിൽപോയി. വിവാഹമോതിരം ഇങ്ങിനെ നഷ്ടപ്പെട്ടുന്നതു ഒരു നിർഭാഗ്യമായിട്ടാണു കരുതിപ്പോരുന്നതു്. എന്റെ കയ്യിറ ഊരിയപ്പോൾ അതു വഴുതിപ്പോയതാണു്."

"സാരമില്ല. അതു നമുക്കു് വേഗം എടുത്തു് ഇപ്പോൾതന്നെ നിർഭാഗ്യത്തെ പായിച്ചുകളയാം" എന്നു ലെയൊനാർഡ് സന്തോഷത്തോടുകൂടെ പറഞ്ഞു.

അയാൾ ഉടനെതന്നെ ഒരു വേലക്കാരനെ വിളിച്ചു് അതാ പൊളിപ്പിച്ചു് മോതിരം എളുപ്പത്തിൽ എടുത്തു.

ആ മനുഷ്യൻ തറ പൊളിക്കുകയിൽ അടുത്തിരുന്ന അലമാരിയുടെ ഒരു വശത്തു മുച്ചുയുള്ള അയാളുടെ ആയുധം കൊള്ളുകയും അതിൽനിന്നും കുറച്ചു് പൊളിഞ്ഞു താഴെ വീഴുകയും ചെയ്തു.

കാഴ്ചയ്ക്കു ഈ അലമാരിയിൽ അസാധാരണമായിയൊന്നും

ഉണ്ടായിരുന്നില്ല. സാധാരണ ഇരുമ്പുകൊണ്ടുണ്ടാക്കിയ പൊടി അണിഞ്ഞു കറുത്ത ഒരു സാധനമായിട്ടെ അതു തോന്നിയിരുന്നൊള്ളു. അടുത്തു സൂക്ഷിച്ചു നോക്കിയാൽ അതു നല്ല മാതൃകയനുസരിച്ചുണ്ടാക്കിയതാണെന്ന ആരും സമ്മതിക്കും.

അയാൾ സൂക്ഷിച്ചു പരിശോധിച്ചതിൻെറശേഷം ആ അടുവീണ കഷണം ലെയൊനാർഡിനെ ഏല്പിച്ചു.

"ഇതു എന്തോ അസാധാരണമായി തോന്നുന്നു. ഇതു ശുദ്ധ വെള്ളിയാണെന്നു ഞാൻ തീച്ചു പറയുന്നു?" എന്നു ആ വേലക്കാരൻ പറഞ്ഞു.

"ഒരു വെള്ളി അലമാരിയോ? എന്നാൽ അതു വില പിടിച്ച ഒരു സാധനം തന്നെ സംശയമില്ല." എന്നു ലെയൊനാർഡു അതു കൈയിൽ വാങ്ങിക്കൊണ്ടു പറഞ്ഞു.

"ഓ പ്രിയതമനേ, ഇതു വിശേഷമായ ഒരു വെള്ളി അലമാരിതന്നെ! ഇതുകൊണ്ടു നമുക്കു എന്താണു ചെയ്യേണ്ടതു?" എന്നു കൊൺസ്റ്റാൻസ് അതിശയഭാവത്തിൽ ചോദിച്ചു.

"എൻെറ മേസ്തിരി മി. ഹൊൾട്ടിനോടു അതു് പരിശോധിച്ചുനോക്കാൻ പറയൂ. അയാൾക്കു ഇക്കാര്യങ്ങളെക്കുറിച്ചു നല്ല പരിജ്ഞാനമുണ്ടു്."

"അതു നന്നായിരിക്കും. ഭവാൻ അയാളോടു പരിശോധിച്ചു അഭിപ്രായം പറയുന്നതിനു് ആവശ്യപ്പെടണം." എന്നു കൊൺസ്റ്റാൻസ് വലിയ ഉത്സാഹത്തോടെ വിളിച്ചു പറഞ്ഞു. "ഇനി കുട്ടികളെ വിളിച്ചുകൊണ്ടു നമുക്കു മടങ്ങിപോകയല്ലെ?"

"കന്നീ, നീ കുട്ടികളെ വിളിച്ചുകൊണ്ടു വരുമ്പോഴെക്കും ഞാൻ തയ്യാറായിരിക്കും. എനിക്കു വേലക്കാരിൽ ഒരുത്തനെകണ്ടു ഒരു സംഗതി പറയാനുണ്ടു്." എന്നു പറഞ്ഞുകൊണ്ടു ലെയൊനാർഡു് മുകളിലേക്കു കയറിപ്പോയി.

കടൽത്തീരത്തെ കാഴ്ചകൾകണ്ടു് കൊൺസ്റ്റാൻസു കുറെ നേരം നിന്നുപോയി. തെക്കു പടിഞ്ഞാറു പരന്നുകിടക്കുന്ന മലയും കടൽത്തീരത്തെ പാറക്കൂട്ടങ്ങളും നീലനിറമായ നീണ്ടുകിടക്കുന്ന കടലും അവൾക്കു എന്തെന്നില്ലാത്ത ആനന്ദം നൽകി.

"എത്രനല്ല കാഴ്ച!" എന്നവൾ സ്വയം വിളിച്ചുപറഞ്ഞു. ജാക്കിനേയും ആലിസിനേയും കണ്ടപ്പോൾ അവരുടെ അടുക്കലേക്കു അവൾ ധൃതിയിൽ പോയി.

* * * *

അടുത്ത ദിവസം 'ഗ്ലെനാവിനിൽ' അവർ "കണ്ടുപിടിച്ച" വിശേഷ സാധനത്തെ ലെയൊനാർദും മി. ഹോൾട്ടുംകൂടി പരിശോധിച്ചു. പരീക്ഷണനിരീക്ഷണങ്ങളുടെ ഫലമായി അതു കട്ടിയുള്ള ഒരു വെള്ളി അലമാരിയാണെന്നു അവൾക്കു ബോദ്ധ്യമായി.

പുരാണ വസ്തുപരിശോധനയിൽ സമർത്ഥനായ ഒരുത്തനെ അയച്ചുതരുന്നതിനായി ലെയൊനാർദ് ഒരു ലണ്ടൻ കമ്പനിക്കാർക്കു എഴുതിയയച്ചു. ലണ്ടൻ കമ്പനിക്കാർ അയച്ചുതായ മി. സ്പസോനി രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവിടെ എത്തി. അയാളും ലെയൊനാർദും മി. ഹോൾട്ടും ഒരുമിച്ചു 'ഗ്ലെനാവിനി'ൽ എത്തി.

അതി സൂക്ഷ്മമായ പരിശോധനയുടെശേഷം വിദഗ്ധനായ മി. സ്പസോനി അതു് വെള്ളികൊണ്ടുണ്ടാക്കിയ അതിവിശേഷവും വിലപിടിച്ചതും പതിനേഴാം നൂറാണ്ടിൽ ഒരു ഇത്താല്യൻ ശില്പിയാലുണ്ടാക്കപ്പെട്ടതുമായ ഒരു പണിത്തരമാണെന്നു അഭിപ്രായപ്പെട്ടു.

അടുത്ത ദിവസം മി. സ്പസോനിയുടെ നേതൃത്വത്തിൽ ആ അലമാരി പുറത്തെടുത്തു ഭംഗിയായി ഒരു പെട്ടിയിൽ അടച്ചു ലണ്ടനിലേക്കു അയച്ചു.

III.

നിശ്ചിതസമയത്തു് ലെയൊനാർദും കൊൺസ്റ്റാൻസും തമ്മിലുള്ള വിവാഹം നടന്നു. ഇപ്പോൾ സെപ്റ്റമ്പർ മാസമാണു. അവർ കുറെനാൾ അവരുടെ പുതിയ ഭവനത്തിൽ സസുഖം താമസിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ വീണ്ടും അവർ അലമാരിയെക്കുറിച്ചു കേൾക്കാനിടയായി.

അവരുടെ പൂർവ്വനിശ്ചയം ശരിയാണെന്നു ഇപ്പോൾ തെളി

വായിരിക്കുന്നു. അത് പതിനേഴാം നൂറ്റാണ്ടിൽ ഒരു ഇറ്റാലിയൻ ശില്പിയാൽ കട്ടിവെള്ളികൊണ്ടു നിർമ്മിക്കപ്പെട്ടതാണെന്നു വിശദമായി. അവർക്കു ലണ്ടനിലെ കമ്പനിയിൽ നിന്ന് താഴെ ചേർത്തിരിക്കുന്ന കത്തു കിട്ടി.

".....അലമാരി വെടിപ്പാക്കികൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി ഒരു രഹസ്യ സ്പ്രിങ്ങിന്മേൽ മുട്ടാനിടയായി. ഉടൻതന്നെ വലത്തുഭാഗത്തുനിന്നു ഒരു വാതൽ പുറത്തേക്കു തുറന്നു. അതിനകത്തു ഒരു രത്നഖചിതമായ വിചിത്രാകൃതിയിലുള്ള പഴയ സപ്ലൻക്കാസാ കാണ്മാനിടയായി.

ഈ കാസാ വലിയ വിലപിടിച്ചതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഈ കള്ളിക്കകത്തു ഒരു ദന്തനിർമ്മിതമായ തുണ്ടപ്പെട്ട രൂപവും കാണപ്പെട്ടു.

ഞങ്ങൾ പിന്നീടു ഇടത്തുവശത്തും കള്ളിയുണ്ടോയെന്നു പരിശോധിച്ചു. ഒരു കമ്പിയെ അമർത്തിയപ്പോൾ വലത്തുവശത്തുള്ളതുപോലെതന്നെ ഒരു വാതിൽ തുറന്നു. അതിനകത്തുനിന്നു പരിശുദ്ധ ദേവമാതാവിന്റെ പതിനാലിഞ്ചു പൊക്കമുള്ള ഒരു വെള്ളി പ്രതിമ കിട്ടി.

ഈ സാധനങ്ങൾകൊണ്ടു എന്താണു ചെയ്യേണ്ടതെന്നു അറിവാൻ ആഗ്രഹിക്കുന്നു.

ഇതിൽ അടക്കം ചെയ്തിരിക്കുന്ന എഴുത്തു ഒരു കള്ളിയിൽ നിന്നും കിട്ടിയതാണ്.

എന്നു നിങ്ങളുടെ വിശ്വസ്തർ,

ഹോബിൻ ആൻഡ് സൺസ്.

അവർ പ്രാതൽകഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ലെയൊനാർഡ് ആ കത്തു് കൊൺസ്റ്റാൻസിനെ വായിച്ചുകേൾപ്പിച്ചതു്.

"അല്ലയോ, ലെയൊനാർഡ്, എന്റെ മോതിരം ഒരു എലിയുടെ പൊത്തിൽ പോയതു നിമിത്തം നമുക്കു് സിദ്ധിച്ച ഭാഗ്യം. ആ പഴയ എഴുത്തു ഒന്നു വായിക്കൂ! എനിക്കു ക്ഷമിയില്ലാതായിരിക്കുന്നു."

പഴക്കംകൊണ്ടു മഞ്ഞനിറം പ്രാപിച്ചിരിക്കുന്ന ആ എഴു

ത്തു ലെയൊനാർഡ് പതുക്കെ താഴെ കാണുന്ന പ്രകാരം വായിച്ചു.

"ഞാൻ, മലാക്കി ഡിസമോണ്ടു ഫ്രൻവ്വ-ാമാണ്ടു ജൂൺ മാസം ഇരുപതാം തീയതി ഈ വെള്ളി അലമാരിയിൽ ഒരു പൊൻ കാസ്സായും ഒരു വെള്ളിപ്രതിമയും ഒരു ദന്തംകൊണ്ടുള്ള ക്രൂശിക്കപ്പെട്ട രൂപവും വെച്ചിരിക്കുന്നു. ഗ്ലൈനാവിൻ പുരയിടത്തിലുള്ള കപ്പേളയിൽ ഇംഗ്ലീഷ് പടയാളികൾ കയറി കത്തോലിക്കാ സഭയുടെ ആരാധനാസംബന്ധമായ സാമാനങ്ങൾ നശിപ്പിക്കാൻ ശ്രമിച്ച ഇന്നേ ദിവസംതന്നെയാണു ഞാൻ അവയെ അലമാരിയിൽ സൂക്ഷിച്ചുവച്ചതു.

എന്നു മലാക്കി ഡിസമോണ്ട്.

ക്രിസ്താബ്ദം ആയിരത്തി എഴുനൂറ്റി തൊണ്ണൂറെട്ടു ജൂൺ ഇരുപതാം തീയതി."

പഴക്കത്താൽ ജീർണ്ണിച്ചുതുടങ്ങിയ ആ കടലാസു വായിച്ചു തീർന്നപ്പോൾ "എന്റെ പിതാവെ," എന്നു ലെയോനാർഡ് നെടുവീർപ്പിട്ടു. "ഇയ്യാൾ എന്റെ അമ്മാവൻ മൈസമന്റെ മുത്തച്ഛനാണെന്നാ അയാൾ ഇംഗ്ലീഷ് പടയാളികളുടെ കയ്യിൽനിന്നും തന്റെ ഒരു സ്നേഹിതനായ ഫാദർ ജോൺ റോക്കിയെ രക്ഷിക്കാൻ ശ്രമിച്ചതും മറ്റും ഞാൻ പറഞ്ഞതു കൊൺസ്റ്റാൻസു ഓമ്മിക്കുന്നുണ്ടായിരിക്കുമല്ലൊ. ഫാദർ ജോൺ രക്ഷപെട്ടു, എന്നാൽ അവർ കപ്പേള തീവെച്ചു ഭസ്മമാക്കിക്കളയുകയും എന്റെ വലിയ മുത്തച്ഛനെ വെടിവെച്ചു കൊന്നു വാതുക്കൽ കെട്ടിത്തുക്കുകയുംചെയ്തു. പട്ടക്കാരൻ ഒളിച്ചിരുന്ന സ്ഥലത്തു പ്രവേശിക്കാതിരിക്കുന്നതിനു തടസ്സം ചെയ്തപ്പോഴാണു അവർ അദ്ദേഹത്തെ ചങ്കിൽ വെടിവെച്ചുകൊന്നതു്."

"ഞാൻ ഇപ്പോഴും ആ കഥ ഓക്കുന്നുണ്ടു. അവിടുന്നു അതു പറഞ്ഞപ്പോൾ എന്റെ കണ്ണുകളിൽനിന്നും കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. ഇതു എത്ര മനോവേദന വരുത്തുന്ന ഒരു സംഗതിയാണു. എനിക്കു ഇപ്പോൾത്തന്നെ ഒരു വിചാരമുണ്ടായി. നമുക്കു അവിടെ ഒരു ചെറിയ പള്ളി പണിയിക്കുന്നതു നന്നാ

യിരിക്കയില്ലേ?"

"ഞാൻ അക്കാര്യത്തെക്കുറിച്ചു തന്നെ ചിന്തിക്കയായിരുന്നു. ആ വെള്ളി അലമാരി നല്ല വിലക്കു പോകയാണെങ്കിൽ നമുക്കു അതു ചെയ്യുവാൻ സാധിക്കുമായിരിക്കും. നമുക്കു ആ കാസ്സയുംമറ്റും ആ പള്ളിയിൽ ഉപയോഗിക്കുകയും ചെയ്യാം."

"എനിക്കു അങ്ങിനെ ഒന്നു കാണ്മാൻ വളരെ ആഗ്രഹമുണ്ടു. നിങ്ങൾക്കോ?"

"ഞാൻ ഉടനെതന്നെ സാമാനങ്ങൾ അയച്ചുതരാൻ കമ്പനിക്കാൾക്കു എഴുതുന്നുണ്ടു." എന്നു ലെയോനാർഡ് പറഞ്ഞു.

IV.

കാസയും പ്രതിമയും ഇതനിമ്മിതമായ ക്രൂശിക്കപ്പെട്ട രൂപവും ഒരു ദിവസം വന്നുചേർന്നു. ലെയോനാർഡും കൊൺസ്റ്റാൻസും ക്രൂടി വളരെ ഉത്സാഹത്തോടും കൗതുകത്തോടുംക്രൂടെ അതു അഴിച്ചുനോക്കി. ആ സാമാനങ്ങളെല്ലാം വളരെ ഭംഗിയുള്ളവതന്നെ. അവ വളരെ പഴക്കവും തോന്നിക്കുന്നുണ്ടു. ആ കാസ്സയ്ക്കു തുല്യമായിട്ടു വേറൊന്നും കാണാൻ പ്രയാസം. ഇതു മൂന്നുംക്രൂടി വില്ക്കുകയാണെങ്കിൽ ഒരു വലിയ തുക കിട്ടും. ലെയോനാർദിനോ കൊൺസ്റ്റാൻസിനോ ആ നിക്ഷേപം കൈവിടാൻ മനസ്സുണ്ടായിരുന്നില്ല.

കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അലമാരി വിറ്റ വിവരത്തിനു അറിവുകിട്ടി അതു മൂവ്വായിരം പവനാണു ലേലത്തിൽ പോയതു. ലേലക്കാരുടെ ഫീസ് ഇനത്തിലും മറ്റുമായി ഇരുന്നൂറു പവൻ ചിലവായതുകഴിച്ചു രണ്ടായിരത്തി എണ്ണൂറു പവന്റെ ഒരു ചെക്കു അവർക്കു ലഭിച്ചു. ഇതിങ്കൽ അവർക്കുണ്ടായ സന്തോഷമോ അത്ഭുതമോ ഏതാണു മുന്നിട്ടു നിന്നിരുന്നതെന്നു നിർണ്ണയിച്ചുകൂടാ.

ഉടനെതന്നെ അവർ 'ഗ്ലോനാവിൻ' പുരയിടത്തിലുള്ള കപ്പേളയുടെ അടിത്തറ പരിശോധിക്കയും ഒട്ടും താമസിയാതെ അവിടെ ഒരു പുതിയ പള്ളി പണിയുന്നതിനു ശിലാസ്ഥാപ

നം നടത്തുകയും ചെയ്തു.

* * * *

പുതിയ ദേവാലയത്തിന്റെ പണി പൂർത്തിയായപ്പോൾ ചെയോനാർദിന്റെയും കൊൺസ്റ്റാൻസിന്റെയും നിക്ഷേപങ്ങളായ സപ്തസ്സാസ്സയും ഇന്നു നിർമ്മിതമായ ക്രൂശിക്കപ്പെട്ട രൂപവും ദേവമാതാവിന്റെ പ്രതിമയും അതിൽ സ്ഥാപിച്ചു.

അവർ വളരെ ആഗ്രഹിച്ചിരുന്ന വേറൊരു "നിക്ഷേപവും" ആ അവസരത്തിൽ തന്നെ ലഭിച്ചു. അതു ഒരു ആൺകുട്ടിയായിരുന്നു. ഈ ശിശുവിനെയാണു ആ മനോഹരമായ ചെറിയ പള്ളിയിൽ ആദ്യം മാമ്മോദീസാ മുക്കിയതു. ആ കുട്ടിക്കു മലാക്കി ഡിസ്മോണ്ട് എന്നാണു അവർ പേരുവിളിച്ചതു.

മാപ്പാപ്പായുടെ സന്ദേശം.

വത്തിക്കാൻ സംസ്ഥാനത്തിൽ സുപ്രസിദ്ധ ശാസ്ത്രജ്ഞനായ മക്കോണി പ്രഭുവിന്റെ പരിശ്രമഫലമായി നിർമ്മിക്കപ്പെട്ട കമ്പിയില്ലാക്കമ്പിയാപ്പീസിന്റെ ഉൽഘാടനം സംബന്ധിച്ചു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ ഫെബ്രുവരി ഏഴാംനു- അവിടെ എഴുന്നെള്ളി ആ യന്ത്രം വഴി സർവ്വലോകത്തോടും നേരിട്ടു സംസാരിച്ചു. ചരിത്രപ്രസിദ്ധമായ ഈ സംഭവം ലോകമാസകലം ആഹ്ലാദത്തെ ജനിപ്പിക്കുകയും തിരുമനസ്സിലെ സ്വരം എല്ലായിടത്തും വ്യക്തമായി കേൾക്കപ്പെടുകയും ചെയ്തു. അറ്റ്ലാണ്ടിക്കു സമുദ്രത്തിന്റെ മദ്ധ്യത്തിൽ, ന്യൂയോർക്കിൽ നിന്നും ഏതാണ്ടു മൈൽ ദൂരത്തിൽ, ഓടിക്കൊണ്ടിരുന്ന 'ബ്രൂമൻ' എന്ന ജർമ്മൻകപ്പലിൽക്കൂടി തിരുമനസ്സിലെ സന്ദേശം വ്യക്തമായി കേൾക്കപ്പെട്ടു. സെക്കോസ്ലോവാക്കിയായിലെ ചെവിക്കു കേൾവിയില്ലാത്ത ഒരു ഡാക്ടർ അദ്ദേഹം തന്നെ കണ്ടുപിടിച്ച ഒരു യന്ത്രം മുഖേന തിരുമനസ്സിലെ സന്ദേശം കേൾക്കയുണ്ടാ

യി. വത്തിക്കാനിലെ ഈ യന്ത്രം ലോകത്തിൽവച്ചു ഏറ്റവും ശക്തിയുള്ളതാണ്. എന്തോ ചില കാരണവശാൽ യൂറോപ്പിൽ ചിലസ്ഥലത്തു സന്ദേശം നല്ലവണ്ണം കേൾക്കാൻ സാധിച്ചില്ല. സംസാരിക്കുന്ന സമയത്തു കമ്പിയാപ്പീസ് മുറിയിൽ കൈയുള്ള ഒരു ചുവന്ന കസേരയിൽ തിരുമനസ്സുകൊണ്ടു ഇരുന്നിരുന്നു. വലത്തുവശത്തു മർക്കോണിപ്രഭുവും ഇടത്തുവശത്തു ഈ കമ്പിയാപ്പീസ് ഡയറക്ടരായ ഫാദർ ജിയാൻ ഫ്റൻഞ്ചെസ്കിയുമുണ്ടായിരുന്നു. എത്രയും സ്വല്പമായ സ്വരംപോലും സന്ദേശവിതരണത്തിന്റെ പരിപൂർണ്ണതയ്ക്കു ഹാനികരമാകയാലാണ് വേറെ ആരേയും മുറിയിൽ പ്രവേശിപ്പിക്കാതിരുന്നത്. ഒരു മനുഷ്യൻ ലോകമാസകലമുള്ള ഇത്ര വളരെ ആളുകളോടു നേരിട്ടു സംസാരിച്ചിട്ടുള്ള ഒരു സംഭവം ലോകചരിത്രത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്തതിനാൽ പരിശുദ്ധ പിതാവിന്റെ ഈ സന്ദേശം ചരിത്രപ്രസിദ്ധമായിരിക്കുന്നു. പരിശുദ്ധ പിതാവു കമ്പിയാപ്പീസുമുറിയിൽ എഴുന്നെള്ളിയിരിക്കുന്നതെന്നും അവിടുന്നു ലോകരോടു കമ്പിവഴി സംസാരിക്കാൻ പോകുന്നെന്നുള്ള വിവരം മർക്കോണിപ്രഭു ഇത്താലിയനിലും ഇംഗ്ലീഷിലും താഴെ കാണുന്ന ലാലുപ്രസംഗത്തോടുകൂടി കമ്പിയില്ലാക്കമ്പിവഴി ലോകരെ അറിയിച്ചു:—

മർക്കോണിയുടെ പ്രസംഗം.

"ഏതാനും നിമിഷങ്ങൾക്കുള്ളിൽ ൧൯-ാം പീയൂസ് മാപ്പ്പ്പാ തിരുമനസ്സുകൊണ്ടു വത്തിക്കാൻ സംസ്ഥാനത്തു പുതിയതായി സ്ഥാപിച്ചിട്ടുള്ള കമ്പിയില്ലാക്കമ്പിയാപ്പീസിന്റെ ഉൽഘാടനം നിർവ്വഹിക്കുമെന്നു അറിയിക്കാനുള്ള എത്രയും ഉന്നതമായ ബഹുമതി എനിക്കു ലഭിച്ചിരിക്കുന്നു.

"സമാധാനത്തേയും ആശീർവ്വാദത്തേയും പ്രദാനം ചെയ്യുന്ന തിരുമേനിയുടെ വാക്കുകൾ വൈദ്യുതതരംഗങ്ങൾ മുഖേന ദിഗന്തരങ്ങൾ കടന്നു സർവ്വലോകത്തിലും എത്തുന്നതാണു. കഴിഞ്ഞ ൧൦ ശതാബ്ദങ്ങളായി മാപ്പ്പ്പാമാരുടെ ദിവ്യോപദേശങ്ങൾ ലോകമാസകലം കേൾക്കപ്പെട്ടുവരുന്നുണ്ടെങ്കിലും അവിട

ഒത്ത ജീവൽസ്വരം ഒരേസമയത്തു് ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും കേൾക്കത്തക്കവണ്ണം അവിടുന്നു ആത്മാവായി സംസാരിക്കുന്നതിപ്പോഴാണു്.

"അത്ഭുതകരങ്ങളായ പ്രകൃതിശക്തികളെ മനുഷ്യവശത്തിനു സ്വാധീനമാക്കി കൊടുത്തിരിക്കുന്നോ ദൈവത്തിന്റെ സഹായത്താൽ ഈ യന്ത്രം നിർമ്മിക്കുന്നതിനു എനിക്കു സാധിച്ചു. ലോകമാസകലമുള്ള വിശ്വാസികൾക്കു പരിശുദ്ധ പിതാവിന്റെ സ്വരം നേരിട്ടു കേൾക്കാനുള്ള ഭാഗ്യം ഈ യന്ത്രം മുഖേന സിദ്ധിക്കുകയും ചെയ്തിരിക്കുന്നു."

"എത്രയും പരിശുദ്ധനായ പിതാവെ, അവിടുന്നു എന്നെ ഏല്പിക്കാൻ തിരുവുള്ളമുണ്ടായ ജോലി നിർവ്വഹിച്ചുകൊണ്ടു ഞാൻ അത്ര ഇന്നു അങ്ങേയ്ക്കു സമർപ്പിക്കുന്നു. അതിന്റെ നിർവ്വഹണം അവിടത്തെ അതിമഹനീയ സാന്നിദ്ധ്യത്താൽ പരിശുദ്ധമാക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ പിതാവെ, അവിടത്തെ അതിമഹനീയമായ വാക്കുകൾ സർവ്വലോകരും കേൾക്കുന്നതിനു സംഗതിയാക്കുവാൻ തിരുവുള്ളമുണ്ടാകണമെ."

പ. പിതാവിന്റെ പ്രസംഗം.

ഈ അറിയിപ്പിനുശേഷം പരിശുദ്ധ പിതാവു താഴെ കാണുന്നവിധം കമ്പിയില്ലാക്കമ്പി മുഖേന ലോകരോടു സംസാരിച്ചു.

"ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയിൽ, സർവ്വജാതികളോടും സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ ദൈവകല്പനയാൽ നിയോഗിക്കപ്പെട്ട ശ്ലീഹന്മാരുടെ തലവന്റെ അനന്തരഗാമിയും മക്കോണിയാൽ നിർമ്മിക്കപ്പെട്ട ഈ ആശ്ചര്യകരമായ യന്ത്രമുപയോഗിച്ചു സംസാരിക്കാൻ സംഗതിവന്ന ഒന്നാമത്തെ പാപ്പായുമായ നാം സർവ്വവസ്തുക്കളോടേയും സർവ്വമനുഷ്യരോടേയും നേരെ ആത്മാവായിത്തിരിഞ്ഞു അവരോടു പറയുന്നതായതു്: അല്ലയൊ ആകാശങ്ങളെ! ഞാൻ പറയുന്ന കാര്യങ്ങളും നിങ്ങളും കേൾക്കുവിൻ; എന്റെ അധരങ്ങളിൽനിന്നും പുറപ്പെടുന്ന വാക്കുകളെ ഭൂമി ചെവിക്കൊള്ളട്ടെ. എല്ലാ ജാതികളുമായവരെ, നിങ്ങളും ഈ സംഗതികളും കേൾക്കുവിൻ. ധനവാ

ന്മാരും ദരിദ്രരുമായ ലോകവാസികളായ എല്ലാവരുമെ, നിങ്ങൾ ശ്രദ്ധിക്കുവിൻ. ദ്വീപുകളെ, വിദൂരങ്ങളിലുള്ള ജനങ്ങളെ, നിങ്ങൾ ചെവികൊടുത്തു കേൾക്കുവിൻ.

ദൈവത്തോട്.

"അത്യുന്നതത്തിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ നന്മനസ്സുള്ള മനുഷ്യർക്ക് സമാധാനവും എന്നു വാക്കുകളായിരിക്കട്ടെ നാം ആദ്യമായി ഉച്ചരിക്കുന്നതു്. തങ്ങളുടെ വാക്കുകൾ യഥാർത്ഥത്തിൽ ഭൂമിയുടെ അതൃത്തികളിൽ എത്തിക്കത്തക്കവണ്ണം അത്ര വലിയ ശക്തി ഇക്കാലങ്ങളിൽ മനുഷ്യർക്കു നല്കിയ ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. ഇഹത്തിൽ വന്നു അകലെയുള്ളവർക്കും അടുത്തുള്ളവർക്കും സമാധാനത്തെ പ്രസംഗിക്കയും ലൌകികവും സഭ്യീയവുമായ വസ്തുക്കളെ സംബന്ധിച്ചുള്ള സമാധാനയുടമ്പടിയിൽ കുരിശിൽ ചിന്തിയ തന്റെ രക്തത്താൽ ഒപ്പുവെക്കുകയും ചെയ്ത ദിവ്യ രക്ഷകൻ ഈശോയുടെ പ്രതിനിധ്യം നാം വഹിക്കുന്ന ഈ ഭൂമിയിൽ സമാധാനവുമുണ്ടായിരിക്കട്ടെ.

(തുടരും) സ. ടി.

ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ വെക്കേണ്ടതായ

പൊതുനിയോഗം.

സ്വരാജ്യങ്ങളിലും നീതിയുടേയും സ്വതന്ത്രയുടേയും നിലനില്പ്.

നീതിയും സമാധാനവും ജനങ്ങളുടെയിടയിൽ പാലിക്കുന്നതിന് പല മഹാന്മാരും ശ്രമിച്ചുവരുന്നുണ്ടു്. ഹേഗിലെ സമാധാന മന്ദിരം ഈ ഉദ്ദേശത്തോടുകൂടി നടത്തിപ്പോരുന്ന ഒരു സ്ഥാപനമാണെന്നു എല്ലാവർക്കും അറിവുള്ളതാണല്ലൊ. നീതിക്കും സമാധാനത്തിനും എന്നിട്ടും സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടില്ല. ഇന്നു ലോകമൊട്ടുക്ക് നാം കാണുന്ന അസ്വാസ്ഥ്യത്തിനു കാരണമെന്താണു്? ക്രിസ്തുവിന്റെ ഉപദേശങ്ങളെ അനാദരിക്കയും ക്രി

സ്സുവിന് മനുഷ്യഹൃദയങ്ങളിൽ സ്ഥാനം ലഭിക്കാതിരിക്കയും ചെയ്യുന്നിടത്തോളം കാലം ഈ സ്ഥിതി നിലനിന്നു പോരാനല്ലാതെ മാർഗ്ഗം കാണുന്നില്ല. അതുകൊണ്ടു ലോകസമാധാനകാംക്ഷികൾ ഈ മാർഗ്ഗത്തിലൂടെ പ്രവർത്തിച്ചെങ്കിലെ സമാധാനം ശാശ്വതമായി ഭവിക്കയുള്ളൂ. അതുകയാൽ ക്രിസ്തുവിന്റെ തത്വങ്ങളെ എല്ലാവരും അറിഞ്ഞാചരിക്കുന്നതിനും തദ്വാരാ നീതിയും സമാധാനവും എല്ലാരാജ്യങ്ങളിലും ഉണ്ടാകുന്നതിനും തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.



(പി. പി. ആന്റണി എൽ. എം. ആൻഡ് എസ്സ്.)

മസൂരി ഒരു പകർച്ചവ്യാധിയാണെന്നു ആരെയും പറഞ്ഞറിയിക്കേണ്ടതാവശ്യമില്ല. കിഴക്കൻ രാജ്യങ്ങളിൽ ചിലേടത്തു മസൂരി "അമ്മവിളയാട്ട്"മാണെന്നും ഇവിടങ്ങളിൽ ഭഗവതിയാണ് അതിനു ഹേതുഭൂതയെന്നും ചിലർ വിശ്വസിക്കുന്നു. പക്ഷെ ഈ വക വിശ്വാസങ്ങളും ഇപ്പോൾ വളരെ കുറഞ്ഞുവശായിട്ടുണ്ട്. തീരെ അറിവില്ലാത്തവർ മാത്രമേ ഇക്കാലത്തു ആ വിശ്വാസം കൊണ്ടാടുന്നുള്ളൂ. മസൂരി രാജ്യമെങ്ങും പടർന്നു പിടിക്കുമ്പോൾ ജനങ്ങൾക്കു പേടിക്കുട്ടുകയും ആ അവസരങ്ങളിൽ മിക്കവാറും വേറെറ അന്ധവിശ്വാസങ്ങളും വീണ്ടും തളിർത്തു വളരുകയും ചെയ്യുന്നതു പതിവാകയാൽ മാത്രമാണ് മേൽപറഞ്ഞതരത്തിലുള്ള വിശ്വാസങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു പറയാൻ ഇടയായതു്.

രോഗങ്ങളുടെ കാരണങ്ങൾ അറിഞ്ഞാൽ മാത്രമേ അവയെ നമുക്കു നിരോധിക്കാൻ സാധിക്കുകയുള്ളൂ. പകർച്ചവ്യാധികളെല്ലാം ഓരോതരത്തിലുള്ള രോഗാണുജീവികൾ മൂലമാണു ഉണ്ടാകുന്നതെന്നു് ഇപ്പോൾ ജനങ്ങൾ ഒരുവിധം മനസ്സിലാക്കിക്ക

ഴിഞ്ഞിട്ടുണ്ട്. രോഗാണുജീവികളം അതിസൂക്ഷ്മങ്ങളാണ്. ഇവ ഹിക്കാൻകഴിയാത്ത വിധത്തിലാണ അവയുടെ വളർച്ച. ചുറ്റു പാടുകളം അനുകൂലങ്ങളായിരുന്നാൽ ഒരെണ്ണം ഒരു കോടിയായി വർദ്ധിക്കുവാൻ ഏതാനും മണിക്കൂറുമതി. രോഗാണുജീവികളു ടെ ആകൃതിയും, വലിപ്പവും, ജീവിതരീതിയും പകർച്ചമാർഗ്ഗങ്ങളും പല പ്രകാരത്തിലാണ്. വെള്ളത്തിൽക്കൂടി പകരുന്നവയുണ്ട്. ചെറിയ മുറിവുകളിൽക്കൂടി ശരീരത്തിൽ പ്രവേശിക്കുന്നവയുണ്ട്. കൊതുക്, ചെള്ള്, മൂട്ട മുതലായ ജീവികളുടെ കടികൊണ്ടാണ അവയുടെ ദേഹത്തിൽ വളരുന്ന രോഗാണുക്രമികളം നമ്മുടെ ദേഹത്തിൽ പ്രവേശിക്കുന്നത്. മിക്ക രോഗാണുജീവികൾക്കും ദേഹത്തിൽ ഓരോ പ്രത്യേക ഭാഗങ്ങളോട പ്രതിപത്തിയുണ്ട്. കുണ്ണിൽ ചെങ്കണ്ണുണ്ടാക്കുന്ന ക്രമി മറെറാരവയവത്തേയും ബാ ധിക്കാറില്ല. സന്നിപാത ജ്വരക്രമിക്ക ചെറുകുടലിലെ ചില പ്ര ത്യേക ഭാഗങ്ങളാണ് പഥ്യാഹാരം. അവ ശിശുക്കളെ ബാ ധിക്കാറില്ല. രോഗാണുജീവികളം മനുഷ്യശരീരത്തിൽ പ്രവേശി ച്ചതിനുശേഷം ഏതാനുംകാലത്തെ വളർച്ചയും വർദ്ധനയും കഴി ഞ്ഞാൽമാത്രമേ രോഗലക്ഷണങ്ങളം കണ്ടുതുടങ്ങുകയുള്ളു. രോഗാ ണുക്കളുടെ പ്രവേശനത്തിനും രോഗലക്ഷണങ്ങളം കണ്ടുതുടങ്ങു ന്നതിനും ഇടയ്ക്കുള്ള സമയത്തിന വൈദ്യശാസ്ത്രത്തിൽ "പൊ രുന്നൽക്കാലം" എന്നു പറയും. വിഷൂചികയുടെ പൊരുന്നൽ ക്കാലം 4 മുതൽ 5 വരെ ദിവസമാണ്. കുഷ്ഠത്തിന്റെ പൊരു ന്നൽക്കാലം വർഷങ്ങളായി കണക്കാക്കണം. രോഗാണുജീവിക ളം ദേഹത്തിൽ പ്രവേശിച്ചാൽ അവയെ നശിപ്പിക്കുന്നതിനു ദേഹത്തിൽ ഒരുതരം "എതിർവിഷം" ഉണ്ടാകും. ഓരോതരം ക്ര മികളെ നശിപ്പിക്കുന്നതിനുള്ള എതിർവിഷം ഓരോ പ്രകാര ത്തിലുള്ളതാണ്. ചില പകർച്ചരോഗങ്ങളിൽനിന്നും രക്ഷപെ ട്ടവരുടെ ദേഹത്തിൽ ഈ എതിർവിഷം ധാരാളം ശേഖരിക്ക പ്പെട്ട കിടക്കുന്നതുകൊണ്ടാണ അവർക്ക പിന്നീട അത്തരം രോ ഗങ്ങളം ഉണ്ടാകാതിരിക്കുന്നത്. ദേഹത്തിന്റെയും രോഗത്തി ന്റെയും പ്രകൃതിയനുസരിച്ച എതിർവിഷത്തിന്റെ ശക്തിയും

സ്ഥിരതയും വ്യവസ്ഥമായിരിക്കും. ചിലതു ക്ഷണം നശിക്കുന്നതാണു്. ചിലതു വളരെ വർഷങ്ങളം നിലനില്ക്കും. ഇത്തരം ഒരു എതിർവിഷം ദേഹത്തിൽ ഉണ്ടാക്കുകയാണു മസൂരി കുത്തിവെയ്പുകൊണ്ടു സാധിക്കുന്നതു്. സ്വാഭാവികമായൊ കൃത്രിമമായൊ ഒരു രോഗത്തെ തടുത്തു നിറുത്തുവാൻ മതിയായ ശക്തി ദേഹത്തിനുണ്ടാകുമ്പോൾ അതിനു "അജയ്യത" ഉണ്ടു എന്നു പറയുന്നു.

മസൂരി ഒരു പകർച്ചവ്യാധിയാണെന്നും അതിനു ഹേതുഭൂതമായ ഒരുതരം അണുജീവികളുണ്ടെന്നും ഉള്ള സംഗതി സംശയമറ്റതാണു്. എങ്കിലും മസൂരിക്കു കാരണഭൂതമായ അണുക്രമി ഇന്നതാണെന്നു തീർച്ചപ്പെട്ടിട്ടില്ല. അതു സാധാരണ അണുജീവികളെക്കാൾ വളരെ അധികം ചെറുതാണു്. വെള്ളത്തിന്റെ കൃമികളെ അരിക്കുന്ന ഏതു അരിപ്പയിൽക്കൂടിയും അതിനു കടന്നുപോകാം.

മസൂരിക്രമി ഇന്ന വർഗ്ഗക്കാരേയോ ഇന്ന പ്രായക്കാരേയോ ബാധിക്കയുള്ളുവെന്നു നിശ്ചയമില്ല. ശിശുക്കളേയും വൃദ്ധന്മാരേയും അതു ബാധിക്കും. ഗർഭത്തിൽ കിടക്കുന്ന ഭ്രൂണത്തേയുംകൂടി മസൂരി ബാധിച്ചുകണ്ടിട്ടുണ്ടു്. ശിശുക്കൾക്കു ഈ രോഗം പ്രത്യേകം ആപൽക്കരമാണെന്നേയുള്ളൂ. ശിശുക്കളെ ഈ രോഗം അധികമായി ബാധിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അവർ താരതമ്യേന പ്രായമുള്ളവരെപ്പോലെ "അജയ്യത" പ്രാപിച്ചിട്ടില്ലാത്തവരായതാണു്. ഇന്ന വഴിക്കു മാത്രമെ അതു സംക്രമിക്കൂ എന്നൊരു നിയമവും ഇല്ലെന്നു തോന്നുന്നു. രോഗബീജങ്ങളം ബാധിച്ചിട്ടുള്ള വസ്ത്രങ്ങളം മുതലായ സാധനങ്ങളേയൊ രോഗികളെ പരിചരിക്കുന്നവരേയൊ തൊട്ടാൽ രോഗം പകരാൻ ഇടവരും. മസൂരി രോഗിയുടെ സർവ്വാംഗങ്ങളിലും സപ്തധാതുക്കളിലും രോഗാണുക്കൾ ഉണ്ടായിരിക്കും. ദേഹത്തിൽ നിന്നുള്ള എല്ലാത്തരം മലവിസർജ്ജനങ്ങളിലും കൃമികൾ ഉണ്ടാകാം. മസൂരിപ്പുണ്ണുകൾ ഉണങ്ങിയശേഷം ശരീരത്തിൽ നിന്നു പൊടിഞ്ഞുപോകുന്ന ചർമ്മരേണുക്കൾ അഥവാ തോൽപ്പൊടി രോഗപ്പകർച്ചയുടെ ഏ

റവും പ്രധാനമായ മാറ്റമാണ്. ഈ വഴിക്കു രോഗാണുക്കൾ മുന്നറിയിക്കുവരെ എത്തുമെന്നു വിദഗ്ധന്മാർ അഭിപ്രായപ്പെട്ടു. പരുക്കൾ പുറത്തു കണ്ടുതുടങ്ങുന്ന കാലം മുതൽ രോഗം പകരാൻ തുടങ്ങും. ഈ കാലത്തിനു മുമ്പുതന്നെ രോഗം പകരുമെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. പനി മസൂരിപ്പനിയാണെന്നറിയാതെ ആസ്പത്രികളിലും മറ്റു പൊതുസ്ഥലങ്ങളിലും ചെല്ലാൻ ഇടവരുന്നവർ രോഗം പരത്തുന്നതിനു കാരണഭൂതരാകുന്നു. മസൂരികൊണ്ടു മരിച്ചവരുടെ മൃതശരീരത്തിൽ നിന്നും രോഗാണുക്രമികമായി നിശ്ശ്വസിച്ചുകൊണ്ടിരിക്കും. രോഗം ബാധിച്ച സ്ഥലത്തുനിന്നു രോഗാണുക്കൾ വേഗം നശിച്ചുപോകയില്ലെന്നുള്ളതും ഓർക്കേണ്ടതാണു്.

മസൂരി രോഗത്തിന്റെ ലക്ഷണങ്ങളെപ്പറ്റിയും പ്രധാന വിഭാഗങ്ങളെപ്പറ്റിയും വിസ്തരിച്ചുപറയുന്നില്ല. രോഗബീജങ്ങൾ ദേഹത്തിൽ പ്രവേശിച്ചതിനുശേഷം പന്ത്രണ്ടു ദിവസം (7 മു. 21. വ.)ത്തെ "പൊരുന്നൽകാലം" കഴിഞ്ഞാൽ കുളിര്, നെറികുത്തു്, കഠിനമായ തണ്ടെല്ലുനോവു്, ഛർദ്ദി മുതലായ ലക്ഷണങ്ങളോടുകൂടി പനി ആരംഭിക്കും. കുട്ടികൾക്കു "ഇളക്ക"മുണ്ടാകും. നാലാം ദിവസം പനി കുറയും. 8-ാം ദിവസമാകുമ്പോഴേയ്ക്കു പനി മിക്കവാറും ഇല്ലാതാകും. പനി തുടങ്ങി മൂന്നാം ദിവസം ആദ്യമായി മുഖത്തും തലയിലും തടിപ്പുകൾ കണ്ടുതുടങ്ങും. പിന്നീടു ദേഹത്തിലും, കൈകളിലും ഒടുവിൽ കാലുകളിലും തടിപ്പുകൾ ഉണ്ടാവും. കണ്ണു, മൂക്കു, വായ് മുതലായവയോടു സംബന്ധമുള്ള ഉൾത്തൊലികളിലും പരുക്കൾ പുറപ്പെടും. തടവിനോക്കിയാൽ ഈ തടിപ്പുകൾക്കടിയിൽ കട്ടിയുള്ള മണികൾ ഉള്ളതുപോലെ തോന്നും. മറ്റു രോഗങ്ങൾക്കുണ്ടാകുന്ന തടിപ്പിൽ നിന്നു മസൂരിയുടെ തടിപ്പുകളെ വേർതിരിച്ചറിവാൻ തടിപ്പുകളുടെ ഈ കല്ലിപ്പു് സഹായമായിരിക്കും. മുമ്പനിക്കുശേഷം ആറാം ദിവസം തടിപ്പുകൾ പളുങ്കുപോലെയുള്ള പൊളകുങ്ങളാകും. പിന്നീടു പൊളകുങ്ങൾക്കകത്തുള്ള ജലം കലങ്ങി ക്രമേണ ചലമാകുകയും അവയുടെ നടുവു കുഴിയുകയും ചെയ്യും. ഈ അവസ

രത്തിൽ പനി വീണ്ടും ആരംഭിക്കും. പഴുപ്പുകൊണ്ടുണ്ടാകുന്ന ഈ പനിക്കു പാകപ്പനിയെന്നോ രണ്ടാം പനിയെന്നോ പേർ പറയാം. കുറെ ദിവസങ്ങൾ കൂടി കഴിഞ്ഞാൽ പൊളകുങ്ങൾ ഉണങ്ങുകയോ അല്പാത്തവക്ഷം പൊട്ടി വ്രണങ്ങളാകുകയോ ചെയ്യും. രോഗം അപായകരമായി പരിണമിക്കയാണെങ്കിൽ മൂത്രതടസ്സം, ശ്വാസകോശരോഗങ്ങൾ, രക്തപ്രവാഹം, കഠിനമായ പഴുപ്പ്, വീക്കം മുതലായവയുണ്ടാകും. തുടരും. ന. ഭീ.

കുറിപ്പുകളും വാർത്തകളും.

ഒരു മാനസാന്തരം.

ഇംഗ്ലണ്ടിൽ ചെസ്റ്റർഷയർ എന്ന സ്ഥലത്തുള്ള ഡോക്ടർ നോർബറി എന്നൊരു സുപ്രസിദ്ധ വൈദ്യൻ തന്റെ മരണത്തിനമവു ഒരു കത്തോലിക്കാ പട്ടക്കാരനെ വിളിപ്പിക്കയും അദ്ദേഹം മുഖേന കത്തോലിക്കാ സഭയിൽ ചേരുകയും ചെയ്തിരിക്കുന്നു.

ഐ. സി – ദാനിയേൽ അപകീർത്തിക്കേസ്.

ഐ. സി - ദാനിയേൽ അപകീർത്തിക്കേസിന്മേൽ ഉള്ള ചെങ്ങന്നൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന്റെ വിധിയെപ്പറ്റി വാദി മി. ദാനിയേൽ ഹൈക്കോടതിയിൽ ക്രിമിനൽ പരിശോധന ഹർജി കൊടുത്തിരിക്കുന്നു. മി. ദാനിയേൽ തന്റെ കേസ്സിലെ വക്കാലത്തു സ്വീകരിക്കണമെന്നു പ്രധാനപ്പെട്ട പല വക്കീലന്മാരോടും അപേക്ഷിച്ചെങ്കിലും അവർ സ്വീകരിക്കയുണ്ടായില്ലെന്നു അറിയുന്നു.

൧൯൩൫-ലെ ജനസംഖ്യാകണക്ക്.

കൊച്ചീസംസ്ഥാനം.

വീട്ടുകാർ	൫,൦൬,൪൫൧.
പുരുഷന്മാർ	൨,൭൯,൩൭൫.
സ്ത്രീകൾ	൩,൧൫,൭൭൬.
ആകെ ജനങ്ങൾ	൧൭, ൦൫൫൬൨.

തിരുവിതാംകൂർ.

വീട്ടുകാർ	൯,൫൯,൭൩൯.
പുരുഷന്മാർ	൫൨,൩൭൫,൭൭൫.
സ്ത്രീകൾ	൫൨,൫൬,൭൬൨.
ആകെ ജനങ്ങൾ	൧൦,൭൦,൪൩൭.

തൊഴിലില്ലാത്ത കൂട്ടർ.

ജർമ്മനിയിലെ ജനങ്ങളിൽ ആറിലൊരുഭാഗം ആളുകൾ തൊഴിലില്ലാത്തവരായി തിന്നിരിക്കുന്നു.

തേങ്ങാപ്പീര ഭക്ഷിച്ചു.

പഴയ തേങ്ങാപ്പീര ചേർത്തുണ്ടാക്കിയ ഭക്ഷണം കഴിക്കയാൽ തലശ്ശേരിക്കടുത്തു് പാത്തര എന്ന സ്ഥലത്തു ഒരു ഗൃഹത്തിൽ ആറുപേർ ഒരുമിച്ചു മരിച്ചുപോയിരിക്കുന്നു. ഇനിയെങ്കിലും മനുഷ്യർ സൂക്ഷിച്ചാൽകൊള്ളാം.

കൊടുങ്കാറ്റു.

ഫിജി ദ്വീപിൽ ഉണ്ടായ ഒരു കൊടുങ്കാറ്റുമൂലം ൧൨൦ പേർ മരിച്ചുപോയിരിക്കുന്നു.

ഭൂകമ്പം.

ഫിലിപ്പൈൻ ദ്വീപുകളിൽ ഭൂകമ്പമുണ്ടായി പല കെട്ടിടങ്ങളും നിലംപതിച്ചിരിക്കുന്നു. ഒരു സ്ഥലം വീണ്ടു രണ്ടു അഗ്ന്യാപികമാക്കാ ഒട്ടുവളരെ കൂട്ടികൾക്കാ പരുക്കുകൾ ഏൽക്കുകയുണ്ടായി.